# ആരാധന മലങ്കരസഭയിൽ

ഫാ. സാമുവൽ തൈക്കൂട്ടത്തിൽ

ബഥനി പബ്ളിക്കേഷൻസ്

ലഘുലേഖ - 3

മെയ് - 1992

വില 4 രൂ.

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

# പ്രസാധകക്കുറിപ്പ്

മലങ്കര സഭയുടെ ആരാധനയെപററി പഠിക്കുന്നതിന് സഹായകമായ രീതിയിൽ വിവിധ വിഷയങ്ങൾ ഈ ലഘുലേഖാ സീരീസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലാദ്യത്തേതാണ് ആരാധന ക്രമവത്സരത്തെ പററിയുള്ള ഈ പഠനം.

പ്രസിദ്ധീകരിച്ച രണ്ടു ലേഖനങ്ങളെപററിയും നല്ല അഭിപ്രായങ്ങൾ കേൾക്കാൻ സാധിച്ചതിൽ വളരെ സന്തോഷമുണ്ട്. എന്നാലിതിൻെറ പ്രയോജനം ഒരു ന്യൂനപക്ഷത്തിലൊതുങ്ങി നില്ക്കുകയാണ് ചെയ്യുന്നത്. ഇതിൻെറ സ്ഥിരം വരിക്കാരാകുവാൻ തയ്യാററായി കുറച്ചുപേർ മാത്രമെ മുന്നോട്ട് വന്നിട്ടുള്ളു. ഇപ്പോഴത്തെ ഇതിൻെറ വായനക്കാർ ഈ സംരംഭത്തെ തങ്ങളുടെ സുഹൃത്തുക്കൾക്ക് പരിചയപ്പെടുത്തുകയും ഇതു വായിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പക്ഷം മാത്രമേ ഇത് വിജയത്തിലെത്തുകയുള്ള. സഭാസ്നേഹത്തെ പോഷിപ്പിക്കുവാൻ സഹായകമായ വിധത്തിൽ വിശ്വാസത്തെ അറിയുവാൻ സഹായിക്കുന്ന ഈ പദ്ധതിയിലേക്ക് കൂടുതൽ പേരെ അടുപ്പിക്കണമെന്ന് ഇതിൻെറ വായനക്കാരായ നിങ്ങളോരോരുത്തരോടും അഭ്യർത്ഥിക്കുന്നു.

ആരാധന ക്രമവത്സരത്തെ പററിയുള്ള ഈ ലേഖനം തയ്യാറാക്കിതന്ന സാമുവേൽ തൈക്കൂട്ടത്തിലച്ചനോടുള്ള ഞങ്ങളുടെ കടപ്പാട് നിസീമമാണ്. തിരുവനന്തപുരം മലങ്കര മേജർ സെമിനാരി ആരംഭിച്ചനാൾമുതൽ അവിടെ ലിററർജിയുടെ പ്രൊഫസറായി സേവനമനുഷ്ഠിക്കുന്ന അച്ചൻ ആരാധനപഠനം ഒരു തപസ്യയായി സ്വീകരിച്ചിട്ടുള്ള ആളാണ്. ഈ തപസ്യയുടെ ഫലമായി പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങളും ലേഖനങ്ങളും സഭയിൽ എല്ലാവരുടെയും പ്രശംസ പിടിച്ചുപററിയിട്ടുണ്ടെന്നതിന് സംശയമില്ല. ഈ ലേഖനം തയ്യാറാക്കിതന്ന് ഞങ്ങളോട് സഹകരിച്ച അച്ചന് ആയിരമായിരം നന്ദി.

സെക്രട്ടറി

ബഥനി പബ്ളിക്കേഷൻസ്

malankaralibrary.com

# ആമുഖം

മനുഷ്യൻ ആരാധനയിൽ ദൈവത്തിലുള്ള തങ്ങളുടെ വിശ്വാസം പ്രകടിപ്പിക്കുന്നു. സൃഷ്ടി മുതലുള്ള ദൈവ മനുഷ്യ ബന്ധത്തിൽ, മനുഷ്യനെ തേടിയെത്തുന്ന ദൈവ സ്നേഹത്തെ നമുക്ക് കാണുവാൻ സാധിക്കും. ഈ സ്നേഹത്തെ അറിഞ്ഞ് അനുഭവിച്ച് അത് പങ്കുവയ്ക്കുന്ന ധന്യമുഹൂർത്തമാണ് ആരാധനയുടെ നിമിഷങ്ങൾ. ഈ അമൂല്യ നിമിഷത്തിൽ വാക്കുകൾക്കോ ചിന്തകൾക്കോ അതിർവരമ്പുകളില്ല. ഇതൊരനുഭൂതിയാണ്. ഈ അനുഭൂതി, താളമായി, ലയമായി മനുഷ്യന്റെ ആന്തരാത്മാവിൽ നിന്നും പുറത്തുവരുന്നു. അങ്ങനെ പ്രാർത്ഥനാഗാനങ്ങൾ രചിക്കപ്പെട്ടു, പ്രതീകാത്മക ശുശ്രൂഷകളുണ്ടായി. ചുരുക്കത്തിൽ ആരാധന ഒരാഘോഷമായി മാറി

ഇവിടെ ആരാധനയിലേക്ക് നമ്മെ മാടിവിളിക്കുന്നത് ദൈവം തന്റെ രക്ഷാകര പദ്ധതിയിലൂടെ പ്രകടമാക്കിതന്ന സ്നേഹം തന്നെയാണ്. ദിനചക്രമനുസരിച്ചും, വാരചക്രമനുസരിച്ചും, വത്സരചക്രമനുസരിച്ചുമുള്ള നമ്മുടെ ആരാധനയിൽ നാമനുസ്മരിക്കുന്ന രക്ഷാകര സംഭവത്തിലേക്കുള്ള ഒരെത്തിനോട്ടമാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം. ഈ അറിവ് ആരാധനയെ ഒരനുഭവമാക്കി മാററുവാൻ നമ്മെ സഹായിക്കും. ചുരുക്കത്തിൽ ആരാധനയുടെ ആത്മാവിനെ നമ്മിലേക്ക് സന്നിവേശിപ്പിക്കുവാൻ സഹായകമായി. ഈ പഠനം ഇതിന്റെ ഓരോ വായനക്കാരേയും സ്വാധീനിക്കും. അങ്ങനെ ആരാധനയെ സജീവമായ ഒരനുഭവമാക്കി മാററാൻ ഇതൊരു പ്രേരകശക്തിയായി നിലകൊള്ളട്ടെയെന്നാശിക്കുന്നു.

എഡിററർ

ബഥനി പബ്ലിക്കേഷൻസ്

malankaralibrary.com

# ഉള്ളടക്കം


1 ആമുഖം

2 ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ദിനംപ്രതിയുള്ള ആഘോഷം

3 ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ ആഴ്ചവട്ടത്തിലുള്ള ആഘോഷം

4 ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ ആണ്ടുവട്ടത്തിലുള്ള ആഘോഷം

5 സുറിയാനി ആരാധനാക്രമത്തിന്റെ ക്രമാനുഗതമായ വളർച്ച

6 ആരാധനക്രമവത്സരത്തിന്റെ അടിസ്ഥാനം

7 അടിസ്ഥാനചക്രം

8 താല്ക്കാലികചക്രം

9 വിശുദ്ധചക്രം

10 തിരുനാളുകൾ

11 ആരാധനവത്സരം വഴിയുള്ള ആരാധന

12 ഉപസംഹാരം


malankaralibrary.com

## ആമുഖം

യേശുക്രിസ്തു തന്റെ മണവാട്ടിയായ സഭയോടുള്ള സ്നേഹം പ്രകടിപ്പിച്ചത് അവൾക്ക് തന്നെ തന്നെ പൂർണ്ണമായി നല്കികൊണ്ടാണ്. (എഫേ: 5/25.) സഭ ഇതിനോടുള്ള അവളുടെ പ്രതിസ്നേഹവും വിശ്വസ്തതയും പ്രധാനമായും വെളിപ്പെടുത്തുന്നത് ക്രിസ്തുവിന്റെ രക്ഷാകര പദ്ധതിയുടെ തന്നെ അനുസ്മരണയായ ആരാധനയിലൂടെയാണ്. ആരാധന, ക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ പുനരവതരണമാണ്. ഓരോരുത്തരും ഇതിൽ സജീവമായി പങ്കുചേരുന്നതുവഴി പരസ്പരം പങ്കുവയ്ക്കുകയാണ് ചെയ്യുന്നത്. അങ്ങനെ ആരാധനാ വത്സരത്തിലെ അനുഷ്ഠാനങ്ങളിലൂടെ ദൈവത്തിന്റെ രക്ഷാകര രഹസ്യങ്ങൾ മുഴുവനും വിപുലമായ രീതിയിൽ ആരാധകർക്ക് അനുഭവവേദ്യമാകുന്നു. ഓരോ ദിവസത്തെയും ഓരോ ആഴ്ചയിലെയും സഭാരാധനയിലൂടെയും ഈ രക്ഷാകര രഹസ്യങ്ങളെയാണ് നാം ആഘോഷിക്കുന്നത്.

## രക്ഷാകരകർമ്മത്തിന്റെ ദിനംപ്രതിയുള്ള ആഘോഷം

യഹൂദ മതത്തിലേതുപോലെ സുറിയാനിക്കാരുടെയും ദിവസം ആരംഭിക്കുന്നത് തലേ ദിവസം സന്ധ്യയോടുകൂടിയും അവസാനിക്കുന്നത് പിറേറ ദിവസം സന്ധ്യയോടുകൂടിയുമാണ്. മലങ്കര ആരാധനാരീതിയനുസരിച്ച് ഇങ്ങനെയുള്ള ഒരു ദിവസത്തെ ഏഴു യാമങ്ങളായി തിരിച്ചിരിക്കുന്നു. സന്ധ്യ (റംശോ), സൂത്താറാ, രാത്രി (ലിലിയോ), പ്രഭാതം (സപ്രോ) മൂന്നാം മണി, ആറാം മണി, ഒമ്പതാം മണി. സഭാപിതാക്കന്മാർ യാമക്രമീകരണത്തെ കർത്താവിന്റെ പീഡാനുഭവവും മരണവുമാകുന്ന പെസഹാ രഹസ്യത്തോടാണ് ഉപമിപ്പിച്ചിരിക്കുന്നത്.

**സന്ധ്യ (റംശോ):–** യേശു തന്റെ ശിഷ്യന്മാരോട് ചേർന്ന് പെസഹാ ഭക്ഷിച്ചു. തന്റെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും, ഉത്ഥാനത്തിന്റെയും, ഓർമ്മയ്ക്കായി അന്ത്യത്താഴസമയത്ത് വിശുദ്ധ കുർബാന സ്ഥാപിച്ചു.

malankaralibrary.com

**സുത്താറാ:-** ഗത്സമേൻ തോട്ടത്തിലെ യേശുവിൻെറ യാതന.

**രാത്രി (ലിലിയോ):-** ഹന്നാസിൻെറയും, കയ്യാപ്പാസിൻെറയും, ഹേറോദോസിൻെറയും മുമ്പിൽവച്ചുള്ള വിചാരണ.

**പ്രഭാതം (സപ്രാ):-** പീലാത്തോസ് യേശുവിനെ മരണത്തിന് വിധിക്കുന്നു.

**മൂന്നാം മണി:-** യേശു കുരിശും വഹിച്ചുകൊണ്ട് ഗോഗുൽത്തായിലേക്ക് നടന്നു നീങ്ങുന്നു.

**ആറാം മണി:-** യേശുവിനെ കുരിശിൽ തറയ്ക്കുന്നു.

**ഒമ്പതാം മണി:-** യേശുവിൻെറ കുരിശുമരണവും കബറടക്കവും.

## ദൈവത്തിൻെറ രക്ഷാകര പദ്ധതിയുടെ ആഴ്ചവട്ടത്തിലുള്ള ആഘോഷം.

ഉത്ഥാനമാണ് ആഴ്ചവട്ടത്തിലെ ആഘോഷങ്ങളുടെ പ്രധാന പ്രതിപാദ്യ വിഷയം.

**ഞായറാഴ്ച:-** യേശുവിൻെറ ഉത്ഥാന രഹസ്യത്തെ വിശ്വാസികളുടെ ചിന്തയിലേക്ക് ആഴ്ചയുടെ ആരംഭത്തിൽതന്നെ കൊണ്ടുവരിക എന്നതാണ് ഞായറാഴ്ച ആചരണത്തിൻെറ ലക്ഷ്യം. ക്രിസ്തു രഹസ്യങ്ങളെകുറിച്ച് ധ്യാനിച്ച് ക്രിസ്തീയ വിശുദ്ധിയിൽ വളരുവാൻ ഇതൊരുവനെ സഹായിക്കുന്നു.

**തിങ്കൾ:-** തിങ്കളാഴ്ചയുടെയും ചൊവ്വാഴ്ചയുടെയും പ്രധാന ചിന്ത അനുതാപമാണ്. "ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അതിനാൽ അനുതപിക്കുവിൻ" എന്ന സ്നാപക

malankaralibrary.com

യോഹന്നാൻെറ പ്രസംഗമാണ് തിങ്കളാഴ്ചയുടെ പ്രത്യേക ആശയം.

**ചൊവ്വാ**:– ''ദൈവരാജ്യം സമീപിച്ചിരിക്കുന്നു, മാനസാന്തരപ്പെടുവിൻ'' (മത്താ, 4/17) എന്ന ക്രിസ്തുവിൻെറ അനുതാപത്തിലേക്കുള്ള വിളിയാണ് ചൊവ്വാഴ്ചയുടെ പ്രത്യേക ചിന്ത. ദൈവവചന പ്രഘോഷണത്തിലൂടെയും കൂദാശകളിലൂടെയും ദൈവരാജ്യം സന്നിഹിതമാക്കുന്നു.

**ബുധൻ**:– പരിശുദ്ധ ദൈവമാതാവായ മറിയത്തിനു വേണ്ടി സമർപ്പിക്കപ്പെട്ടിരിക്കുന്ന ദിവസം. മനുഷ്യാവതാരം ചെയ്ത ദൈവവചനത്തിലുള്ള മാതാവിൻെറ പങ്കാളിത്വവും ദൈവത്തിൻെറ രക്ഷാകരപദ്ധതിയോടുള്ള അതുല്യ സഹകരണവും ഈ ദിവസം അനുസ്മരിക്കുന്നു.

**വ്യാഴം**:– സുവിശേഷത്തിൻെറ സത്തയോട് നമ്മെ ബന്ധിപ്പിച്ച അപ്പസ്തോലന്മാരെ നാമനുസ്മരിക്കുന്ന ദിവസം. സുവിശേഷ പ്രഘോഷണം നടത്തിയ ശ്ലീഹരോടൊപ്പം സുവിശേഷത്തിന് വഴിയൊരുക്കിയ പഴയ നിയമത്തിലെ പ്രവാചകന്മാരെയും സുവിശേഷത്തിനുവേണ്ടി സ്വജീവൻ അർപ്പിച്ചിട്ടുള്ള രക്തസാക്ഷികളെയും ഈ ദിവസം നാം അനുസ്മരിക്കുന്നു.

**വെള്ളി**:– വി. കുരിശിനെ അനുസ്മരിക്കുന്ന ദിവസം. ഇതിലൂടെ പീഡാനുഭവത്തിലൂടെയും സഹനത്തിലൂടെയും നമ്മെ രക്ഷിച്ച ക്രിസ്തുവിനെ നാമനുസ്മരിക്കുന്നു. അതിനാൽ കുരിശ് മഹത്വത്തിൻെറയും രക്ഷയുടെയും യഥാർത്ഥ ഉറവിടമാണ്.

**ശനി**:– എല്ലാ പരേതരെയും ഓർമ്മിക്കുന്ന ദിവസം. പ്രത്യേകിച്ച് സുവിശേഷ പ്രഘോഷണം നടത്തി കർത്താവിൽ നിദ്രപ്രാപിച്ച വൈദികരെ നാമനുസ്മരിക്കുന്നു. ഇന്ന് ലോകാവസാനവും നാമോർമ്മിക്കുന്നു. അങ്ങനെ ആഴ്ചവട്ടത്തിൻെറ അവസാനത്തിൽ, ജീവിതാന്ത്യത്തെപ്പററിയും പൊതുവായ ഉയിർപ്പുമായി വരുന്ന യേശുവിൻെറ രണ്ടാമത്തെ വരവിനെയും നാമനുസ്മരിക്കുന്നു.

malankaralibrary.com

# ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ആണ്ടുവട്ടത്തിലുള്ള ആഘോഷം.

ആരാധന വത്സരത്തിൽ ക്രിസ്തുരഹസ്യം അനാവരണം ചെയ്യുന്നതിനെ 'വർഷത്തിന്റെ കിരീടം' (Crown of the year) എന്ന് വിളിക്കുന്നു. കിരീടം എന്നതുകൊണ്ടുദ്ദേശിക്കുന്നത് വത്സരം അല്ലെങ്കിൽ വിവിധ കാലങ്ങൾ ആണ്. വാർഷിക കലണ്ടർ, വർഷത്തെ അതായത് ഭൂമി സൂര്യനെ ചുററാൻ എടുക്കുന്ന 365 ദിവസത്തെ സൂചിപ്പിക്കുന്നു. അതുപോലെ സഭ അവളുടെ ആരാധനക്രമത്തിലൂടെ നീതിസൂര്യനായ ക്രിസ്തുവിന്റെ രക്ഷാകര സംഭവത്തിലെ രഹസ്യങ്ങളെക്കുറിച്ച് ധ്യാനിച്ചു പ്രദക്ഷിണം ചെയ്തുകൊണ്ടിരിക്കും. 'വർഷത്തിന്റെ കിരീടം' സഭയുടെ രക്ഷാകര രഹസ്യാഘോഷത്തിന്റെ മനോഹരമായ ക്രമീകരണവും, ഓർമ്മിക്കുന്ന രഹസ്യങ്ങൾ അതിൽ പതിപ്പിച്ചിരിക്കുന്ന രത്നങ്ങളുമാണ് വിശുദ്ധരുടെ രഹസ്യങ്ങൾ അനുസ്മരിക്കുന്നതും ഈ രീതിയിലാണ്. ഇതിനെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രി നൽകുന്ന നിർദ്ദേശം ശ്രദ്ധേയമാണ്. ''വിശ്വാസികളുടെ ശ്രദ്ധ പ്രഥമമായി തിരിക്കേണ്ടത് ദിവ്യരക്ഷകന്റെ തിരുന്നാളുകളിലേക്കാണ്. ആ വഴിക്കാണല്ലോ ആണ്ടുവട്ടത്തിൽ രക്ഷാരഹസ്യങ്ങൾ ആഘോഷിക്കപ്പെടുന്നത്. അതുകൊണ്ട് കർത്തൃകാലഘട്ടങ്ങൾക്ക് വിശുദ്ധരുടെ തിരുന്നാളുകളെക്കാൾ മുൻഗണന നൽകണം. അങ്ങനെ രക്ഷാരഹസ്യങ്ങളുടെ ചരിത്രം മുഴുവൻ ഫലപ്രദമായി നമുക്കനുസ്മരിക്കാൻ കഴിയും.''

സഭാവത്സരം എന്നത് ക്രിസ്തുവിന്റെ രക്ഷാകര സംഭവങ്ങളുടെ അനുസ്മരണ മാത്രമല്ല, മറിച്ച് അവിടുത്തെ രക്ഷാകര പ്രവർത്തനങ്ങളുടെ പുനരാവിഷ്ക്കരണം കൂടിയാണ്. അതുവഴി സഭ ദൈവത്തിന്റെ കൃപയ്ക്കും വിശ്വാസികൾ ക്രിസ്തുവിന്റെ സാദൃശ്യം പ്രാപിക്കുന്നതിനും യോഗ്യരാകുന്നു.

malankaralibrary.com

# സിറിയൻ ആരാധനക്രമവത്സരത്തിന്റെ ക്രമാനുഗതമായ വളർച്ച.

സുറിയാനിസഭയ്ക്ക് വളരെ പഴക്കമുള്ളതും സമ്പന്നവും വ്യതിയാനവിധേയം അല്ലാത്തതുമായ തിരുന്നാളുകളോടു കൂടിയ ഒരു പഞ്ചാംഗം ഉണ്ട്. കണ്ടുകിട്ടിയിട്ടുള്ളതിൽ വച്ചേററം പഴക്കമുള്ള പഞ്ചാംഗം A. D. 411 - ൽ എഡേസ്സായിലെ ഓർഹായിൽ വച്ച് രചിക്കപ്പെട്ട കയ്യെഴുത്ത് പ്രതിയാണ്. ഇത് സുറിയാനിക്കാരുടെ രക്തസാക്ഷിചരിത്രം (Martyiology) എന്നറിയപ്പെടുന്നു. എന്നും വളർന്നുകൊണ്ടിരിക്കുന്നതാണ് സഭാ പഞ്ചാംഗം. സുറിയാനിക്കാർ കാൽക്കദോനിയ സൂനഹദോസിന് മുമ്പുംപിമ്പും അവളുടെ ആരാധനക്രമത്തിന്റെ വളർച്ചയ്ക്കു വേണ്ടി ക്രിയാത്മകമായി പ്രവർത്തിച്ചിരുന്നുവെന്നത് ശ്രദ്ധേയമാണ്. ഇത് 13-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന ബാർ ഹെബ്രായസിന്റെ കാലംവരെ തുടർന്നു. സിറിയൻ സഭയ്ക്കും ഗ്രീക്കുകാർക്കും അവരവരുടേതായ രക്തസാക്ഷിചരിത്രങ്ങൾ (Martyriologies) ഉണ്ട്. ഒരു നിക്ഷേപത്തിൽ നിന്നുമെടുത്തിട്ടുള്ളതിനാൽ ഈ രണ്ടു സഭകൾക്കും പൊതുവായിട്ടുള്ള പലതുമുണ്ട്. സുറിയാനി സഭയുടെ രക്തസാക്ഷിചരിത്രത്തി (Martyriologies) – ൽ ഏററവും പ്രധാനപ്പെട്ടത് 7-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന എദേസ്സായിലെ മാർ യാക്കോബിന്റെ രക്തസാക്ഷിചരിത്രം (Martyriology) ആണ്.

## ആരാധനക്രമത്തിന്റെ അടിസ്ഥാനം.

ആരാധനക്രമവത്സരം യഹൂദമതാചാര പ്രകാരമാണ് രൂപപ്പെട്ടിട്ടുള്ളത്. യഹോവ നല്കിയ നിർദ്ദേശമനുസരിച്ചാണ് യഹൂദർ സാബത്താചരിച്ചത്. ആദ്യകാലങ്ങളിൽ ആഴ്ചയുടെ ഏഴാം ദിവസമായ സാബത്ത് ഒരു വിശ്രമദിനമായിരുന്നു. എന്നാൽ ഇസ്രായേൽ ജനത ഈജിപ്തുകാരുടെ അടിമത്വത്തിൽ നിന്നും മോചിപ്പിക്കപ്പെട്ടശേഷം സാബത്തിനൊരുപുതിയ അർത്ഥം കൈവന്നു. അടിമത്വത്തിൽനിന്നും സ്വാതന്ത്ര്യമായതിന്റെ ഓർമ്മ. (സംഖ്യ. 8: 9) കൂടാതെ മററ് ചില തിരുന്നാളുകളും ആചരിക്കുവാനവരാരംഭിച്ചു.

malankaralibrary.com

1 **പെസഹാതിരുന്നാൾ:-** ഈജിപ്തിൽ നിന്നുള്ള മോചനത്തിന്റെ ഓർമ്മ.

2 **പെന്തിക്കൊസ്തി:-** ഈജിപ്തിൽനിന്നും യാത്ര തിരിച്ചതിന്റെ അമ്പതാംദിവസം മോശ സീനായ് മലയിൽ വച്ച് കല്പനകൾ സ്വീകരിച്ചതിന്റെ അനുസ്മരണ, വിളവെടുപ്പിന്റെ തിരുന്നാളായും ഇതറിയപ്പെടുന്നു.

3 **കൂടാരതിരുന്നാൾ:-** വർഷാവസാനത്തോടുകൂടി ആഘോഷിക്കുന്ന ഒരു തിരുന്നാളാണിത്. ഇസ്രായേൽ ജനത മരുഭൂമിയിലൂടെ ക്ലേശകരമായി പിന്നിട്ട 40 വർഷക്കാലം കൂടാരങ്ങളുണ്ടാക്കി അതിൽ വസിച്ചു. ഈ കൂടാരങ്ങളിൽ യഹോവയുടെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു. ഈ സംഭവത്തെ അനുസ്മരിക്കുന്നതാണ്കൂടാരത്തിരുന്നാൾ, ഇതിന് ആദ്യഫലത്തിന്റെ തിരുന്നാൾ എന്നും പേര് പറയുന്നു.

യഹൂദനായി ജനിച്ച യേശു മറ്റേത് യാഥാസ്ഥിതിക യഹുദരെപ്പോലെയും തങ്ങളുടെ മതാചാരങ്ങളും അനുഷ്ഠാനങ്ങളും പാലിച്ചു, ശിശുവായിരുന്ന യേശുവിനെ ദേവാലയത്തിൽ സമർപ്പിച്ചസംഭവം, യേശുവിന്റെ പരിച്ഛേദനം, ജറുസലേം ദേവാലയ സന്ദർശനം, പെസഹായും മററു തിരുന്നാളാചാരങ്ങളുമെല്ലാം യേശു തീഷ്ണമതിയായ ഒരു യഹൂദനായിരുന്നുവെന്നതിന് തെളിവാണ്. ഈ തിരുന്നാൾതന്നെ തന്റെ രക്ഷാകരദൗത്യം പൂർത്തിയാക്കാൻ യേശു തെരഞ്ഞെടുത്തുവെന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. അങ്ങനെ പുതിയനിയമം പഴയനിയമത്തിന്റെ പൂർത്തീകരണമാണെന്ന് യേശു വ്യക്തമാക്കി

1 **പെസഹാതിരുന്നാൾ:-** 1 കൊറി 5/7–8 ; ലൂക്കാ 22/7-21

യഹൂദർ ആചരിച്ചിരുന്ന പെസഹാതിരുന്നാൾ അഥവാ കടന്നുപോകൽ തിരുന്നാളിൽതന്നെയാണ് യേശുവും മനുഷ്യകുലത്തെ രക്ഷിക്കാനായി സ്വയം ബലിയായി സമർപ്പിച്ചത്. അങ്ങനെ പഴയനിയമത്തിലെ പെസഹ ക്രിസ്വിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും മുൻകുറിയായി തീർന്നു.

malankaralibrary.com

2 **പെന്തക്കുസ്താതിരുന്നാൾ:-** നമ്മുടെ കർത്താവിന്റെ മഹത്വകരമായ ഉയർപ്പിന്റെ 50 -ാം ദിവസമാണ് പെന്തക്കുസ്താ തിരുന്നാൾ. പരിശുദ്ധാത്മാവിനെ ക്രിസ്തുശിഷ്യരുടെ മേലയച്ച് അതുവഴി സഭ കൂട്ടായ്മയെ സ്ഥാപിച്ച തിരുന്നാളാണിത്. വിശ്വാസികളുടെ ഹൃദയത്തിൽ ആലേഖനം ചെയ്ത പുതിയ നിയമമാണിത്. ഹെബ്ര. (8: 10)

3 **കൂടാരത്തിരുന്നാൾ:-** കർത്താവിന്റെ ജനനവുമായി ബന്ധപ്പെട്ട ഒരു തിരുന്നാളാണിത്. മനുഷ്യനായി അവതരിച്ച ദൈവപുത്രൻ ദൈവം നമ്മോടുകൂടി എന്നർത്ഥമുള്ള 'എമ്മാനുവേൽ' എന്നറിയപ്പെട്ടു. യഹോവ ഇസ്രായേല്ക്കാരുടെ ഇടയിൽ വസിച്ച മഹത്തായ സംഭവത്തെ ഇതനുസ്മരിപ്പിക്കുന്നു. ആദിമ ക്രൈസ്തവർ രണ്ടു തിരുന്നാളുകളാണ് ആഘോഷിച്ചിരുന്നത്. ക്രിസ്തുവിന്റെ ഉത്ഥാനവും പെന്തിക്കൊസ്തിയും. പിന്നീടാണ് നമ്മുടെ കർത്താവിന്റെ തിരുന്നാളുകളായ മനുഷ്യാവതാരം, മാമ്മോദീസാ, സ്വർഗ്ഗാരോഹണം ഇവ ആഘോഷിച്ചു തുടങ്ങിയത്. ഇതിനനുസൃതമായി സഭാവത്സരത്തിലെ തിരുന്നാളുകളെ താഴെക്കാണുംവിധം തിരിക്കാവുന്നതാണ്.

a) യേശുവിന്റെ ജീവിതവും രക്ഷാകര സംഭവങ്ങളുമായി ബന്ധപ്പെട്ട തിരുന്നാളുകൾ (മാറാനായ)

b) സഭയുമായി ബന്ധപ്പെട്ട തിരുന്നാളുകൾ (പെന്തിക്കൊസ്തി)

c) വിശുദ്ധരുടെ തിരുന്നാളുകൾ (ക്രിസ്തുവിന്റെ വിശ്വസ്തരായ അനുയായികൾ)

അങ്ങനെ സുറിയാനിസഭയുടെ ആരാധനക്രമ രൂപീകരണത്തിൽ അനുക്രമമായ ഒരു വളർച്ച നമുക്ക് ദർശിക്കുവാൻ കഴിയും. ദൈവശാസ്ത്രപരവും, രക്ഷാകരകർമ്മത്തിലെ എല്ലാ ദൈവിക രഹസ്യങ്ങളും ഉൾക്കൊണ്ടിട്ടുള്ളതാണ് ഈ ആരാധനക്രമം. ഇത് താഴെപ്പറയുന്ന മൂന്നു ചക്രങ്ങളെ സമന്വയിപ്പിച്ചാണ് ഇന്നത്തെ രൂപത്തിലാക്കിയിരിക്കുന്നത്.

malankaralibrary.com

1 **അടിസ്ഥാനചക്രം:-** (The Basic Cycle) വർഷത്തിലെ 52 ആഴ്ചകളും ഉൾക്കൊള്ളുന്നതാണിത്. ഓരോ ആഴ്ചയിലും ഒരു ഞായറാഴ്ചയും മററു് ആറ് ദിവസങ്ങളുമുണ്ട്. യഹൂദ പഞ്ചാംഗത്തിൽ നിന്നുമാണ് സുറിയാനി സഭ, ആരാധനക്രമത്തിലെ പരമ്പരാഗതമായ ഈ വിഭജനം സ്വീകരിച്ചത്. കാലക്രമേണ 7-ാം ദിവസമായ സാബത്തിനുപകരം ഒന്നാം ദിവസമായ ഞായർ കടമുള്ള ദിവസമായി അംഗീകരിച്ചു.

2 **താല്ക്കാലിക ചക്രം:-** (The Temporal Cycle) രണ്ടാമത് വിഭജനം ക്രിസ്തു കേന്ദ്രീകൃതമാണ്. ഇതിൽ നമ്മുടെ രക്ഷക്ക് ആവശ്യമായ ക്രിസ്തു ജീവിതത്തിലെ എല്ലാ രഹസ്യങ്ങളും ഉൾക്കൊണ്ടിരിക്കുന്നു. ഈ സംഭവങ്ങളെ ആണ്ടുവട്ടത്തിൽ ആചരിക്കതക്കരീതിയിൽ ഏഴ് ആഴ്ചവീതമുള്ള ഏഴ് കാലങ്ങളായി തിരിച്ചിരിക്കുന്നു, തീയതിയിൽ മാററമുള്ള തിരുന്നാളുകൾ നിമിത്തം ചില കാലങ്ങൾക്ക് ഏഴിൽ കൂടുതൽ ആഴ്ചകൾ കാണും. അങ്ങനെ പൊതുവെ നോക്കുമ്പോൾ ഏഴു ദിവസങ്ങളടങ്ങുന്ന ഓരോ ആഴ്ചയും, ഏഴാഴ്ചകൾ ഉൾക്കൊള്ളുന്ന ഏഴു കാലങ്ങളും, ഉൾക്കൊള്ളുന്നതാണ് സഭാവത്സരത്തിലെ രക്ഷണീയ ഘട്ടങ്ങൾ.

**സഭാവത്സരത്തിലെ താല്ക്കാലിക ചക്രം താഴെ പറയുന്നവയാണ്.**

i **മംഗലവാർത്താക്കാലം:-** (സൂബോറോ) ഈ കാലഘട്ടം രക്ഷാകരചരിത്രം മുഴുവന്റെയും അനുസ്മരണയ്ക്കുള്ള ഒരു മുഖവുരയും നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരകർമ്മത്തിനുള്ള ഒരു തയ്യാറെടുപ്പുമാണ്.

ii **യൽദാ:-** ദനഹാക്കാലം 4-ാം നൂററാണ്ടിലാണ് സഭയിൽ ക്രിസ്തുമസ്സ് ആഘോഷത്തിന് ആരംഭം കുറിച്ചത്. ആദിമസഭയിൽ വളരെ ആഘോഷമായി എപ്പിഫനി തിരുനാൾ (നമ്മുടെ കർത്താവിന്റെ മാമ്മോദീസാ) കൊണ്ടാടിയിരുന്നു.

malankaralibrary.com

നമ്മുടെ കർത്താവിൻെറ പ്രത്യക്ഷീകരണമനുസരിച്ച് അതി ന് അതിൻെറതായ പ്രാധാന്യം കൈവന്നു.

**iii വലിയ നോമ്പുകാലം (സൗമോ)** നമ്മുടെ കർത്താവിൻെറ പരസ്യജീവിതത്തിനു മുമ്പുള്ള നാല്പതു ദിവസത്തെ ഉപവാസത്തെ അനുസ്മരിപ്പിക്കുന്ന ദിവസങ്ങളാണ് വലിയ നോമ്പുകാലം. യോർദ്ദാനിലെ തൻെറ മാമ്മോദീസാശ്ശേഷം യേശു ആത്മാവിനാൽ നയിക്കപ്പെട്ട് മരുഭൂമിയിലേയ്ക്ക പോയി. അവിടെ നാല്പതു ദിനരാത്രങ്ങൾ പ്രാർത്ഥനയിലും ഉപവാസത്തിലും കഴിഞ്ഞുകൂടി. (ലൂക്ക. 4/1) അതിൻെറ അവസാനം യേശു പിശാചിനാൽ പരീക്ഷിക്കപ്പെട്ടെങ്കിലും വിജയശ്രീലാളിതനായി തിരികെ വന്നു.

**iv ഉയർപ്പുകാലം (ക്യംതാ)**

ഉത്ഥാനം അവിടുത്തെ മനുഷ്യത്വത്തിൻെറ മുഴുവൻെറയും മഹത്വീകരണമാകുന്നു. പിതാവിൻെറ ഇഷ്ടത്തിന് പൂർണ്ണമായും കീഴ്വഴങ്ങിയ പുത്രന് പിതാവ് നല്കിയ സമ്മാനമാണിത്, ക്രസ്തുവിൻെറ ഉത്ഥാനം ലോകവസാനത്തിൽ സംഭവിക്കാനിരിക്കുന്ന, സകല മനുഷ്യരുടെയും പുനരുത്ഥാനത്തിൻെറ പ്രത്യാശയായി നിലകൊള്ളുന്നു.

**v പെന്തിക്കൊസ്തിക്കാലം (ശ്ലീഹാക്കാലം)**

പെന്തിക്കൊസ്തി ദിനത്തിൽ പരിശുദ്ധാത്മാവ് പരിശുദ്ധ മാതാവിൻെറയും ശ്ലീഹന്മാരുടെയും ഇടയിൽ കടന്നു വന്നതോടെ സഭ ഔദ്യോഗികമായി സ്ഥാപിതമായി. രക്ഷയുടെ സുവിശേഷം ലോകത്തിൻെറ അതിർത്തികൾവരെയും എത്തിക്കുകയെന്നത് നമ്മുടെ ദൗത്യമാണ്. സുവിശേഷപ്രഘോഷണം ലോകാവസാനംവരെയും തുടർന്നു കൊണ്ടിരിക്കേണ്ട ഒരു പ്രക്രിയയാണ്.

malankaralibrary.com

### vi തേജസ്ക്കരണകാലം

നമ്മുടെ കർത്താവിൻെറ മറുരൂപതിരുന്നാഠം പ്രഘോഷി ക്കുന്ന യാഥാർത്ഥ്യങ്ങഠം ക്രിസ്തുവിൻെറ ഉത്ഥാനത്തിൻെറ അതുല്യമായ മഹത്വവും എല്ലാവിശ്വാസികഠംക്കും ലഭിക്കു വാനിരിക്കുന്ന മഹത്വീകരണവുമണ്. താബോർമലയിൽ ഏലിയായും മോശയും ക്രിസ്തുവിൻെറ കൂടെ കാണപ്പെ ട്ടതിൻെറ പ്രത്യേക സൂചന നിയമവും, പ്രവാചകന്മാരു മെല്ലാം ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു വെന്നും മനുഷ്യകുലത്തിൻെറ മുഴുവൻ രക്ഷകനായി അവി ടുന്ന് അംഗീകരിക്കപ്പെടണമെന്നുമാണ്.

### vii സ്ലീബാക്കാലം (കുരിശിൻെറ പുകഴ്ച്ച):-

കരിശു ക്രിസ്തുവിനെയാണ് പ്രതിനിധീകരിക്കന്നത്. അത് വിജയത്തിൻെറയും, ജീവൻെറയും, രക്ഷയുടെയും, അഭിമാനത്തിൻെറയും അടയാളമാണ്. സഭയിൽ കുരിശിൻെറ മഹത്വം കാണിക്കുന്നതിനുവേണ്ടി ഏഴാഴ്ച ദൈർഘ്യമുള്ള ഒരു കാലയളവ്തന്നെ മാററി വച്ചിരിക്കുന്നു. കുരിശ് രക്ഷാ കര രഹസ്യങ്ങളുടെ പൂർത്തീകരണമായതുകൊണ്ടാണ് ഇത്ര പ്രാധാന്യം ഇതിന് ലഭിച്ചത്.

**3 വിശുദ്ധ വത്സരചക്രം** ഈ കാലഘട്ടത്തിൽ പരി ശുദ്ധ ദൈവമാതാവിൻെറയും, രക്തസാക്ഷികളുടെയും സഭാ പണ്ഡിതന്മാരുടെയും തിരുന്നാളുകഠം സഭ കൊണ്ടാടുന്നു. രക്ഷാകര രഹസ്യത്തിലെ ജീവിക്കുന്ന സാക്ഷികളായി അവർ അനുസ്മരിക്കപ്പെടുന്നു.

### വിശുദ്ധരുടെ തിരുന്നാളുകളെ രണ്ടായി തിരിക്കാം

1 ക്രിസ്തുവിൻെറ ഇഹലോക ജീവിതകാലത്ത് ജീവിച്ചി രുന്നവരും ക്രിസ്തുവിനെ നേരിൽ കാണുകയും അവിടു ത്തെ വചനങ്ങഠം ശ്രവിക്കുകയും അങ്ങനെ ക്രിസ്തുവിനു സേവനം അനുഷ്ഠിക്കുകയും ചെയ്തവർ.

malankaralibrary.com

i ദൈവമാതാവായ പരി. കന്യകാമറിയം

സുറിയാനി സഭാപഞ്ചാംഗത്തിൽ പരി. ദൈവമാതാവിൻെറ അഞ്ചു തിരുന്നാളുകളാണ് കൊടുത്തിരിക്കുന്നത്.

a. പരിശുദ്ധകന്യാകമറിയത്തിൻെറ ജനനം (സെപ്തം: 8)

b. ദൈവമാതാവിൻെറ പുകഴ്ച (ഡിസം: 26)

c. പരിശുദ്ധ ദൈവമാതാവിൻെറ സ്വർഗ്ഗാരോപണം (ആഗസ്റ്റ് 15)

d. വിത്തുകളെപ്രതി പരി. ദൈവമാതാവിൻെറ ഓർമ്മ (ജാനു: 15)

e. കതിരുകളെപ്രതി പരി: ദൈവമാതാവിൻെറ ഓർമ്മ (മെയ് 15)

ഇവിടെ പ്രത്യേകം ഓർക്കേണ്ട വസ്തുത, വചനിപ്പ് തിരുനാളും, യേശുവിനെ ദൈവാലയത്തിൽ കാഴ്ചവയ്ക്കുന്ന തിരുന്നാളും സുറിയാനി പാരമ്പര്യത്തിൽ ദൈവമാതാവിൻെറ തിരുനാളുകളായല്ല കാണുന്നത്. ഇത് രണ്ടും നമ്മുടെ കർത്താവിൻെറ തിരുന്നാളുകളാണ്.

ii സ്നാപകയോഹന്നാൻ

iii 12 അപ്പസ്തോലന്മാർ

iv 4 സുവിശേഷകർ

v 72 ശിഷ്യന്മാർ

vi നമ്മുടെ കർത്താവിനെ സ്നേഹിച്ചിരുന്ന സ്ത്രീകൾ

II യേശുവിനെ ഐഹിക ജിവിതത്തിൽ കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ലെങ്കിലും ദൈവത്തെ സ്നേഹിച്ച് ക്രിസ്തീയ പുണ്യങ്ങൾ അഭ്യസിക്കുന്നതിന് ധൈര്യം പ്രകടിപ്പിച്ചവരാണ് രണ്ടാമത്തെ വിഭാഗം.

1 മാർ ഇഗ്നേഷ്യസ് ഫയറി (യേശു കൈയിലെടുത്ത ശിശുവാണ് ഈ വിശുദ്ധനെന്ന് വിശ്വസിക്കപ്പെടുന്നു.)

malankaralibrary.com

ii റോമിലെ ബിഷപ്പും രക്തസാക്ഷിയുമായ മാർ ക്ലമൻറ്.

iii മെത്രാനും രക്തസാക്ഷിയുമായ മാർ ദിവന്നാസ്യോസ്

iv മാർ അത്തനാസ്യോസ്.

v മാർ ബസ്സേലിയോസ്.

vi മാർ ഗ്രിഗോറിയോസ്.

vii മക്രീന

viii മാർ അന്തോനിയോസ്.

ix മാർ സൈമൺ സ്റ്റൈലിററസ്.

x മാർ കുറിയാക്കോസ്

xi യൂലിത്തി.

xii സിസിലിയ

ഈ വിശുദ്ധരുടെയെല്ലാം തിരുന്നാളുകൾ ആരാധനാവത്സരത്തിൻെറ പല ഘട്ടങ്ങളിലായി വ്യാപിച്ചു കിടക്കുന്നു. സ്വർഗ്ഗത്തിൽ ദൈവസന്നിധിയിലാണ് വിശുദ്ധരെല്ലാം. ഈ വിശുദ്ധരുടെ ഐക്യമാണ് വിശുദ്ധരുടെ തിരുന്നാളാഘോഷത്തൻെറ അടിസ്ഥാനം. വിജയസഭയിലെ അംഗങ്ങളാണവർ. സഭയുടെ മററ് രണ്ടു ഭാഗങ്ങൾ സഹനസഭയും സമരസഭയുമാണ്. ഇതു രണ്ടും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. അവർക്ക് പ്രാർത്ഥനയിലൂടെയും, സദ്പ്രവർത്തനത്തിലൂടെയും, മാദ്ധ്യസ്ഥ പ്രാർത്ഥനയിലൂടെയും പരസ്പരം സഹായിക്കാം. അതുകൊണ്ടാണ് നാം വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥം യാചിച്ച് നമുക്ക് ഓരോരുത്തർക്കുവേണ്ടിയും, മരിച്ചവർക്കുവേണ്ടിയും പ്രാർത്ഥിക്കുന്നത്.

## തീയതി മാറുന്നതും മാറാത്തതുമായ തിരുന്നാളുകൾ

നിശ്ചിത തീയതിയിൽ ആചരിക്കുന്നതും തീയതി മാറി വരുന്നതുമായ തിരുനാളുകൾ സുറിയാനി പഞ്ചാംഗത്തിൽ കാണാം. നിശ്ചിത തീയതിയിൽ വരുന്ന തിരുനാളുകൾ: വച

malankaralibrary.com

നിപ്പുതിരുനാഠം, നമ്മുടെ കർത്താവിൻെറ ജനനം, നാമകരണം ദേവാലയപ്രവേശനം ദനഹാ തിരുനാഠം (കർത്താവിൻെറ മാമ്മോദീസാ) നമ്മുടെ കർത്താവിൻെറ തേജസ്സരണം (രൂപാന്തരീകരണം) ഇതു കൂടാതെ വിശുദ്ധന്മാരുടെ തിരുനാളുകഠം, തീയതി മാറിവരുന്ന തിരുനാളുകഠം: യേശുവിൻെറ പീഡാനുഭവം മരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം, പെന്തിക്കൊസ്തി.

തീയതി മാററമില്ലാത്ത തിരുനാളുകഠം നിശ്ചയിച്ചിരിക്കുന്നത് സൂര്യവർഷത്തെ ആശ്രയിച്ചാണ്. മാറിവരുന്നവ ചന്ദ്രവർഷത്തെ ആശ്രയിച്ചും ഈ രണ്ടു വർഷത്തെയും കണക്കു കൂട്ടുന്നതിൽ 11 ദിവസത്തെ വ്യത്യാസമുണ്ട് സൂര്യൻ ഭൂമദ്ധ്യരേഖയിൽ വരുന്ന ദിവസത്തിനുശേഷമുള്ള പൂർണ്ണ ചന്ദ്രനുശേഷം വരുന്ന ഞായറാഴ്ചയാണ് കർത്താവിൻെറ ഉയർപ്പു തിരുനാഠം നാമാഘോഷിക്കുന്നത്. ഈ രീതി പാശ്ചാത്യസഭകളും പൗരസ്ത്യ സഭകളും അംഗീകരിച്ചു കഴിഞ്ഞു. സഭയിലെ ആദ്യത്തെ എക്യുമെനിക്കൽ സൂനഹദോസിൽ വച്ച് (AD. 325 നിക്യാ) ഈസ്റ്റർ യഹൂദരുടെ പെസഹാതിരുനാളിലോ അതിനു മുമ്പോ നടത്തരുതെന്നും പെസഹാ തിരുന്നാളിനുശേഷമെ നടത്താവൂ എന്നും തീരുമാനിച്ചു. ചന്ദ്രവർഷത്തെ അടിസ്ഥാനമാക്കി യഹൂദർ പെസഹാ ആചരിച്ചിരുന്നു. ക്രിസ്തുവിൻെറ പെസഹാ യഹൂദരുടെ പെസഹായുടെ പൂർത്തീകരണമാകയാൽ അതു ചന്ദ്രവർഷത്തെ അടിസ്ഥാനപ്പെടുത്തുന്നത് ഉചിതമാണെന്ന് സഭാപിതാക്കന്മാർ കരുതി. ഉയിർപ്പു തിരുന്നാളിൻെ തീയതി നിശ്ചയിച്ചാൽ അതിനോടു ബന്ധപ്പെട്ടുവരുന്ന തിരുന്നാളുകളുടെ തീയതിയും നിശ്ചയിക്കാവുന്നതാണ്. അതായത് ഉയർപ്പിന് 50 ദിവസംമുമ്പ് വലിയ നോമ്പ് ആരംഭിക്കും. വലിയനോമ്പിന് 21 ദിവസം മുമ്പ് മൂന്നു നോമ്പ്, ഉയർപ്പിനുശേഷം 40-ാം ദിവസം കർത്താവിൻെറ സ്വർഗ്ഗാരോഹണം അതിനുശേഷം 10 ദിവസം കഴിയുമ്പോഠം പെന്തിക്കോസ്തി. ഇതു കൂടാതെ താഴെപറയുന്ന മാറിവരുന്ന മററു തിരുന്നാളുകഠം എടുത്ത് പറയേണ്ടവയാണ്.

malankaralibrary.com

i മൂന്ന നോമ്പിനു ശേഷം വരുന്ന ആദ്യ ഞായറാഴ്ച പരേതരായ വൈദീകരെ അനുസ്മരിക്കുന്ന ദിവസം
(കൊഹനെഞായർ)

ii മൂന്നു നോമ്പിനുശേഷം വരുന്ന രണ്ടാം ഞായറാഴ്ച പരേതരായ വിശ്വാസികളെ ഓർമ്മിക്കുന്നു. (ആനീദേ ഞായർ)

iii മൂന്നാം ഞായർ അതായത് വലിയ നോമ്പിലെ ഒന്നാം ഞായർ– കൊത്തിനെ ഞായർ

iv വലിയനോമ്പിലെ ആദ്യത്തെ ശനിയാഴ്ച മാർ അപ്രേമിൻെറ ഓർമ്മ ആചരിക്കുന്നു.

അതുപോലെ മററു ചില തിരുനാളുകൾ Dec-25–ാം തീയതി നാമാഘോഷിക്കുന്ന കർത്താവിൻെറ ജനനവുമായി ബന്ധപ്പെട്ട് ആചരിക്കുന്നു.

i വചനിപ്പു തിരുനാൾ– യേശുവിൻെറ ജനനത്തിന് ഒമ്പതുമാസം മുമ്പ്– അതായത് മാർച്ച് 25

ii നമ്മുടെ കർത്താവിൻെറ നാമകരണം– ക്രിസ്തുമസ്സ് കഴിഞ്ഞു് എട്ടാം ദിവസമായ ജാനുവരി ഒന്ന്.

iii **ദനഹാ** (നമ്മുടെ കർത്താവിൻെറ മാമ്മോദീസാ) Jan. 6
കർത്താവിൻെറ ജനന തിരുന്നാളുമായി ബന്ധപ്പെട്ട തിരുന്നാളാണിത്. ആരാധനക്രമവത്സരത്തിൽ യൽദാ-ദനഹാക്കാലത്തെ ഒററക്കാലമായിട്ടാണ് കാണുന്നത്. ദനഹാ എന്ന പദം സുറിയാനി ഭാഷയിലെ ദ്നാഹ് (Dnah) എന്ന മൂലത്തിൽനിന്നുമുടലെടുത്തതാണ്, അവൻ പ്രത്യക്ഷപ്പെട്ടു എന്നാണതിൻെറ അർത്ഥം. ഗ്രീക്കുഭാഷയിൽ എപ്പിഫനിയെന്ന് പറയും. ഇത് 'തെയോഫനി' (Theophany) ''ദൈവത്തിൻെറ വെളിപ്പെടുത്തൽ'' എന്നപേരിലും അറിയപ്പെടുന്നു. (യോ: 2: 11)

യേശുവിൻെറ മഹത്വം മൂന്നുപ്രാവശ്യം വെളിപ്പെട്ടതായി ബൈബിൾ സാക്ഷിക്കുന്നു.

a. വിജാതിയർക്കു ലഭിച്ച വെളിപാട്: മൂന്നു രാജാക്കന്മാരുടെ സന്ദർശനത്തെ ഈ തിരുനാൾ ദിവസം നാമനുസ്മരി

malankaralibrary.com

ക്കുന്നു മൂന്നു ജ്ഞാനികൾക്ക് ബേത്ലഹേമിൽ ജനിച്ചിരിക്കുന്ന യേശുവിനെക്കുറിച്ചുള്ള സന്ദേശം നക്ഷത്രം മുഖേന നൽകപ്പെട്ടു. (മത്താ. 2: 2)

b. യഹൂദർക്കുവേണ്ടിയുള്ള വെളിപാട്: സ്നാപകയോഹന്നാനിൽനിന്നും യോർദ്ദാനിൽവച്ച് മാമ്മോദീസാ സ്വീകരിച്ചയവസരത്തിൽ ക്രിസ്തു ദൈവപുത്രനാണെന്ന് ദൈവത്തിൻെറ അരുളപ്പാടുണ്ടായി. അങ്ങനെ യേശുവിനെ യഹൂദർക്കു വെളിപ്പെടുത്തിക്കൊടുത്തു. (മർക്കോ 1: 11)

c. യേശുവിൻെറ സ്വന്തക്കാർക്കും ശിഷ്യർക്കും വേണ്ടിയുള്ള വെളിപ്പെടുത്തൽ: കാനായിലെ വിവാഹവിരുന്നിൻെറ അവസരത്തിൽ അത്ഭുതകരമായി വെള്ളം വീഞ്ഞാക്കിയപ്പോൾ (യോ 2: 1 – 11) ഇതു സംഭവിച്ചു.

iv ക്രിസ്മസ്സിനുശേഷം നാല്പതാം ദിവസം നമ്മുടെ കർത്താവിൻെറ ദേവാലയ പ്രവേശനം. (ഹെബ്രു 2)

v യേശുവിൻെറ മനുഷ്യാവതാരവുമായി ബന്ധപ്പെട്ട മറെറാരു തിരുന്നാളാണ് നമ്മുടെ കർത്താവിൻെറ രൂപാന്തരീകരണം. ആഗസ്റ്റ് 6

## ആരാധനക്രമവത്സരം വഴിയുള്ള ആരാധന

വ്യക്തിയോ സമൂഹമോ ആരാധന നടത്തുന്നതനുസരിച്ച് അത് വ്യക്തിപരമോ, സമൂഹപരമോ ആകുന്നു. അതു മൗനമായോ, വാചാലമായോ നടത്തുന്നതനുസരിച്ച് അത് മാനസികമോ വാചാലമോ ആകുന്നു. അതു നടത്തുന്നരീതി അനുസരിച്ച് രഹസ്യമോ ഔദ്യോഗികമോ ആകാം. ഓരോ തരത്തിലുള്ള ആരാധനയ്ക്കും അതിൻെറതായ ഔത്യവും പ്രാധാന്യവും ഉണ്ട്. സഭയുടെ ഔദ്യോഗിക ആരാധനയ്ക്ക് സഭ അംഗീകരിച്ചത് എന്ന കാരണത്താൽ ഒരു പ്രത്യേക പ്രാധാന്യമുണ്ട്, ഇത് അനുവർത്തിക്കുന്നതിന്, ആരാധന ക്രമവത്സരത്തിലെ ഓരോ കാലഘട്ടത്തിൻെറയും ഘടനയും ആശയവും നാം അറിഞ്ഞിരിക്കുകയും അതനുദിന ജീവിതത്തിൽ നാം പ്രാവർത്തികമാക്കുകയും വേണം.

malankaralibrary.com

## വചനിപ്പുകാലം (സൂബോറോ)

ഘടന

ഒക്ടോബർ അന്ത്യത്തിലോ നവംബർ ആരംഭത്തിലോ വരുന്ന ഞായറാഴ്ചയാണ് ആരാധനാക്രമ വത്സരം ആരംഭിക്കുന്നത്. കൂദോശ് ഈത്തോ ഞായർ അല്ലെങ്കിൽ സഭയുടെ വിശുദ്ധീകരണത്തിരുന്നാൾ എന്ന പേരിലിത് അറിയപ്പെടുന്നു. തുടർന്നു വരുന്ന ഞായറാഴ്ച സഭയുടെ നവീകരണത്തെ അനുസ്മരിച്ചുകൊണ്ട് ഹൂദോശ് ഈത്തോ ഞായർ ആചരിക്കുന്നു. അതുകൊണ്ട് ആരംഭംമുതൽതന്നെ ക്രിസ്തുവിൻെറ മണവാട്ടിയെന്ന അർത്ഥത്തിൽ സഭയുടെ രഹസ്യം നമ്മുടെ മുമ്പിലുണ്ട്. തൻെറ കാലടികളെ വിശ്വസ്ഥതയോടെ പിൻതുടരേണ്ടവിധം പഠിപ്പിച്ചുകൊണ്ട് യേശു സഭയെ തൻെറ വിവാഹാഘോഷത്തിന് ഒരുക്കി. അതിനാൽ അവൾ എല്ലാ ആത്മീയഗുണങ്ങളാലും അലങ്കരിക്കപ്പെട്ടവളായി. അതിനായി ദൈവീകജീവൻ പ്രദാനംചെയ്യുന്ന മാമ്മോദീസായും, പരിശുദ്ധാത്മാവിനെ നല്കുന്ന മൂറോനഭിഷേകവും ദൈവകുഞ്ഞാടിൻെറ സ്വർഗ്ഗീയ മേശയ്ക്കൊരുക്കുന്ന വി. കുർബാനയും അവൾക്കു നല്കിയിരിക്കുന്നു

ഈ പ്രാരംഭ ഞായറാഴ്ചകൾക്കുശേഷം വചനിപ്പിൻെറ ഞായറാഴ്ച ആരംഭിക്കുന്നു. അതു സക്കറിയായോടുള്ള അറിയിപ്പ്, ദൈവമാതാവായ പരിശുദ്ധ മറിയത്തോടുള്ള അറിയിപ്പ്, പരിശുദ്ധ കന്യക മറിയാം എലിസബത്തിനെ സന്ദർശിച്ചത്, സ്നാപക യോഹന്നാൻെറ ജനനം, വി. ഔസേപ്പിനുണ്ടായ ദർശനം എന്നിവയാണ്.

സന്ദേശം:-

1) പറുദീസായുടെയും മനുഷ്യൻെറയും സൃഷ്ടി
2) മനുഷ്യൻെറ പതനം
3) ദൈവത്തിൻെറ രക്ഷാകർ വാഗ്ദാനം
4) മാതാവിനോടുള്ള മംഗലവാർത്ത (വചനിപ്പ്)

malankaralibrary.com

നിലനില്പ് സ്വാഭാവികമായും ദൈവത്തിന് മാത്രമുള്ളതാണ്. ദൈവം മാത്രമേ സ്വയം നിലനില്ക്കുന്നുള്ളൂ മററാരുടെ നിലനില്പും മറെറന്തിനോടൊ ബന്ധപ്പെട്ടാണ്. ദൈവം സൃഷ്ടിച്ചതുകൊണ്ട് മാത്രമാണ് സൃഷ്ടവസ്തുക്കൾ നിലനില്ക്കുന്നത്.

സൃഷ്ടവസ്ക്കളുടെയെല്ലാം മകുടമാണ് മനുഷ്യൻ. സൃഷ്ടാവായ ദൈവത്തിൻെറ സദൃശ്യത്തിലും ഛായയിലും ആണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യനോടുള്ള അനന്തസ്നേഹത്താൽ ദൈവം അവനെ പരിപൂർണ്ണനായി സൃഷ്ടിക്കുക മാത്രമല്ല ദൈവിക ജീവനിൽ പങ്കാളികളാക്കുകയും ചെയ്തു. അതുവഴി അവൻ ദൈവത്തിൻെറ മകനും ദൈവരാജ്യത്തിൻെറ അവകാശിയുമായി. മനുഷ്യനു നല്കപ്പെട്ട ഈ ദൈവകൃപ അവിടുത്തെ സ്വതന്ത്രദാനമാണ്. നമ്മുടെ ആദിമാതാപിതാക്കൾ ദൈവകല്പന ലംഘിച്ചത് വഴി നഷ്ടപ്പെടുത്തിയത് ഈ ദൈവീക കൃപയാണ്. ഈ ദൈവകൃപയെ വീണ്ടും നൽകുന്നതിനായി ദൈവം ഒരു രക്ഷകനെ വാഗ്ദാനം ചെയ്തു.

ത്രീത്വത്തിലെ രണ്ടാമത്തെയാളായ ദൈവപുത്രൻ തന്നെയാണ്, ഈ രക്ഷകൻ,'' എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനായി തൻെറ ഏക ജാതനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു''. (യോ: 3/16)

ദൈവം ശുദ്ധാരൂപിയാണ്. അവൻ മനുഷ്യസ്ത്രീയിൽ നിന്നും ജനിക്കണം. അതിനാൽ ദൈവം മനുഷ്യാവതാരത്തെപ്പററി അറിയിക്കുവാനായി തൻെറ സദ്നേശവാഹകനെ മറിയത്തിൻെറ അടുക്കലേയ്ക്കു അയയ്ക്കുന്നു. ദൈവേഷ്ടത്തിനു സമ്മതം മൂളിയതുവഴി അവളിൽ ദൈവപുത്രനുരുവായി.

മനുഷ്യ സൃഷ്ടിയുടെയും രക്ഷയുടെയും ചരിത്രത്തിൽ അനന്തമായ ദൈവസ്നേഹം നമ്മൾ കാണുന്നു. ദൈവം മനു

malankaralibrary.com

ഷ്യനെ അസ്തിത്വത്തിലേക്കു വിളിച്ചത് ഈ സ്നേഹം ഒന്നു കൊണ്ടുമാത്രമാണ്. ഈ ഔദാര്യപൂർണ്ണമായ സ്നേഹം അവനെ ദൈവികജീവനിൽ പങ്കുകാരാക്കി. എന്നാൽ ആ സ്നേഹം അതിന്റെ ആഴത്തിൽ നാം കാണുന്നത് മനുഷ്യ രക്ഷയ്ക്കായുള്ള പ്രയാണത്തിലാണ്. കാരണം ഇതുവഴി മനുഷ്യനു നഷ്ടപ്പെട്ട ദൈവപുത്രസ്ഥാനം വീണ്ടും നല്കി അവനെ നവസൃഷ്ടിയാക്കി.

സ്നേഹത്തിന് സ്നേഹം മാത്രമെ തിരിച്ചു കൊടുക്കാനാവൂ. ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിന് അതിർത്തികളില്ല. നമ്മളും ഈ സ്നേഹം തിരിയെ കൊടുക്കാൻ കടപ്പെട്ടിരിക്കുന്നു. അതിനാൽ വരദാനങ്ങളോട് വിശ്വസ്തത പുലർത്തി ദൈവത്തിലുള്ള വിശ്വാസവും, ദൈവത്തിന്റെ സമ്പൂർണ്ണസംരക്ഷണത്തിനു മുമ്പാകെയുള്ള സ്വയസമർപ്പണവുമാണ് ഈ കാലഘട്ടത്തിന്റെ പ്രത്യേകത.

## യൽദാ – ദനഹാക്കാലം

ആരാധനാക്രമവത്സരത്തിലെ രണ്ടു സുപ്രധാന കാലങ്ങളാണ് ഉയിർപ്പ്–പെന്തിക്കോസ്തിക്കാലവും, യൽദാ– ദനഹാക്കാലവും ആണ്. പ്രാർത്ഥനയോടും ഉപവാസത്തോടും കൂടിയാണ് ഇവ രണ്ടും ആഘോഷിക്കുന്നത്. യൽദാ പെരുനാളും, ദനഹാ പെരുനാളും പ്രകാശത്തിന്റെ പെരുന്നാളുകൾ എന്ന പേരിലും അറിയപ്പെടുന്നു. ഇത് ത്രിത്വത്തെയും അഭിഷിക്തനായ യേശുവിനെയും വെളിപ്പെടുത്തുന്ന തിരുനാൾ കൂടിയാണ്,

ഘടന:–

നമ്മുടെ കർത്താവിന്റെ ജനനതിരുന്നാളിനു മുൻമ്പുള്ള ഞായറാഴ്ചയാണ് യൽദാ – ദനഹാക്കാലം ആരംഭിക്കുന്നത്. ക്രിസ്മസ്സിനെത്തുടർന്നുവരുന്ന ദിവസം പരി. ദൈവമാതാവിന്റെ പുകഴ്ചയുടെ തിരുന്നാൾ ആഘോഷിക്കുന്നു. അതുപോലെ ദനഹായുടെ അടുത്ത ദിവസം, സ്നാപകയോഹന്നാന്റെ പുകഴ്ചയുടെ ദിനമായി ആഘോഷിക്കുന്നു. തുടർന്നുവരുന്ന മൂന്നു

malankaralibrary.com

മുതൽ എട്ടുവരെ ഞായറാഴ്ചകൾ ''മാമ്മോദീസാമുങ്ങിയവരുടെ ഞായർ'' എന്നപേരിൽ അറിയപ്പെടുന്നു. വലിയനോമ്പ് ആരംഭിക്കുന്നതിനുമൂന്നാഴ്ചമുമ്പുള്ള തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ യോനാപ്രവാചകൻ നിനിവക്കാരുടെ മാനസാന്തരത്തിനായി പ്രവർത്തിച്ചതിന്റെ അനുസ്മരണയ്ക്കായി മൂന്നു ദിവസത്തെ ഉപവാസം ആചരിക്കുന്നു. തുടർന്നുവരുന്ന ഞായറാഴ്ച പരേതരായ വൈദീകരെയും അതിനടുത്ത ഞായറാഴ്ച പരേതരായ വിശ്വാസികളെയും അനുസ്മരിക്കുന്നു.

സന്ദേശം

i യേശുവിന്റെ മനുഷ്യാവതാരം

ii ആട്ടിടയന്മാരുടെ സന്ദർശനം

iii 3 രാജാക്കന്മാരുടെ സന്ദർശനം

iv യോർദ്ദാൻനദിയിലുള്ള യേശുവിന്റെ ജ്ഞാനസ്നാനം

v പിതാവും പരിശുദ്ധാത്മാവും യേശു അഭിഷിക്തനെന്ന് വെളിപ്പെടുത്തുന്നു.

യേശുവിന്റെ ജനനസമയത്ത് കർത്താവിന്റെ ദൂതൻ ഇടയന്മാർക്കു് പ്രത്യക്ഷപ്പെട്ട് രക്ഷകന്റെ ജനനത്തെക്കുറിച്ചുള്ള സദ്വാർത്ത അവരെ അറിയിച്ചു. ഉടൻതന്നെ സ്വർഗ്ഗീയ സൈന്യത്തിന്റെ ഒരു വ്യൂഹം ആ ദൂതനോടുകൂടിച്ചേർന്ന് ദൈവത്തെ സ്തുതിച്ചുകൊണ്ടു പറഞ്ഞു; ''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം'' (ലൂക്കാ. 2/14) ആട്ടിടയർ ബത്ലഹേമിലേക്കു പോകുകയും ശിശുവിനെ അമ്മയോടുകൂടി കാണുകയും ചെയ്തു. പുൽക്കൂട്ടിൽ കിടത്തിയിരുന്ന ശിശുവിൽ അവർക്ക് ഇസ്രായേലിന്റെ വിമോചകനും വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന രക്ഷകനുമായവനെ കണ്ടെത്താൻ സാധിച്ചു. അവരുടെ എളിമയാണ് ദൈവദൂതന്മാരുടെ വാക്കുകളെ വിശ്വസിക്കുവാനും പുൽക്കൂട്ടിലെ ഉണ്ണിയിൽ അഭിഷിക്തനെ കാണാനും ഇടയാക്കിയത്. ഹൃദയ വിശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ എന്തെന്നാൽ അവർ ദൈവത്തെ കാണുന്നു''. (മത്താ: 5/8.) യേശുവിന്റെ ജനനസമയത്ത് ആകാശത്തിൽ പ്രത്യക്ഷപ്പെട്ട നക്ഷത്രം

malankaralibrary.com

വഴി യേശുവിൻെറ ജനനവാർത്ത കിഴക്കുനിന്നുള്ള മൂന്നു ജ്ഞാനികാംക്കു നൽകപ്പെട്ടു. ആ നക്ഷത്രത്തെ അനുധാവനം ചെയ്ത അവർ ആ ഭവനത്തിൽ പ്രവേശിച്ച് ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും കുമ്പിട്ടാരാധിക്കുകയും പൊന്നും മീറയും, കുന്തിരിക്കവുമടങ്ങിയ കാഴ്ചവസ്തുക്കാം അവർ അവന് സമർപ്പിക്കുകയു. ചെയ്തു.

ഇസ്രായേലിലാണ് രക്ഷകൻ ജനിച്ചതെങ്കിലും യഹൂദർക്ക് മാത്രമല്ല മനുഷ്യകുലത്തിനു മുഴുവനും വേണ്ടിയാണ് എന്ന് ഇതു വെളിപ്പെടുത്തുന്നു.

''അവൻ വെള്ളത്തിൽനിന്നു കയറിയപ്പോാം പെട്ടെന്ന് ആകാശം പിളരുന്നതും പരിശുദ്ധാത്മാവ് പ്രാവിൻെറരൂപത്തിൽ അവൻെറമേൽ ഇറങ്ങിവരുന്നതും അവൻ കണ്ടു. അപ്പോാം സ്വർഗ്ഗത്തിൽ നിന്നുമൊരുസ്വരവുമുണ്ടായി; ''ഇവൻ എൻെറ പ്രിയപുത്രനാകുന്നു. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.'' (മർക്കോ 1/10-11) ഇവിടെ പിതാവും പരിശുദ്ധാത്മാവും യേശുവിനെ സാക്ഷ്യപ്പെടുത്തിയതുവഴി യഹൂദർക്ക് യേശുവിൻെറ അസ്തിത്വത്തെ വെളിപ്പെടുത്തിക്കൊടുക്കുന്നു. യോർദ്ദാൻ നദിയിലെ മാമ്മോദീസായിൽ തൻെറ പുത്രനെ എളിമപ്പെടുത്തിയ ദൈവത്തിൻെറ ക്ഷമയുടെ രഹസ്യത്തെ ഈക്കാലം ആഘോഷിക്കുന്നു. ''അവൻ എല്ലാത്തിൻെറയും ആരംഭവും മരിച്ചവരിൽ നിന്നുള്ള ആദ്യജാതനുമാണ്. ''(കൊളോ 1/18) ഇവിടെ പുത്രനെ ലോകത്തിൻെറ പാപം നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാടായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്.

വ്യവസ്ഥകളില്ലാത്തതാണ് ദൈവസ്നേഹം. മനുഷ്യൻ ആയിരിക്കുന്ന രീതിയിൽ അവൻ അവിടുത്തെ അംഗീകരിക്കുന്നു. പാപികളുടെ നാശമല്ല, അനുതാപത്തോടെയുള്ള അവൻെറ തിരിച്ചുവരവാണ് അവിടുന്ന് ആഗ്രഹിക്കുന്നത്.

ദൈവകരുണയാൽ സന്തോഷവും ആത്മവിശ്വാസവും നിറഞ്ഞുനിൽക്കുന്ന കാലമാണ് യൽദാ- ദനഹാക്കാലം.

malankaralibrary.com

## വലിയ നോമ്പുകാലം (സൗമോ റാബോ)

ഘടന

വലിയ നോമ്പിൽ ഏഴ് ഞായറാഴ്ചകളാണ് ഉള്ളത് ഒന്നാമത്തേത് കൊത്തിനെ ഞായർ എന്നറിയപ്പെടുന്നു. കാനായിലെ കല്ല്യാണത്തിനു് യേശു വെള്ളത്തെ വീഞ്ഞാക്കിയ അത്ഭുതകരമായ സംഭവത്തെ അന്ന് ഓർമ്മിക്കുന്നു. (യോഹ 2/1–12) യോഹന്നാൻ ശ്ലീഹായെ സംബന്ധിച്ചടത്തോളം യേശു പ്രവർത്തിച്ച ഓരോ അത്ഭുതങ്ങളും യേശുവിൻെറ ദൈവീകതയെ വെളിപ്പെടുത്തുന്ന അടയാളങ്ങളാണ്. അതുകൊണ്ടാണ് യോഹന്നാൻ ശ്ലീഹാ ഇങ്ങനെ പറഞ്ഞിരിക്കുന്നത്. ''യേശു തൻെറ മഹത്വം വെളിപ്പെടുത്തുന്നതിന് പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ് ഗലീലിയായിലെ കാനായിൽചെയ്ത ഈ അത്ഭുതം. അവൻെറ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു.'' (യോഹ 2 : 11)

നോമ്പിലെ രണ്ടാമത്തെ ഞായറാഴ്ച കുഷ്ഠരോഗിയെ സൗഖ്യമാക്കിയ സംഭവത്തെ അനുസ്മരിപ്പിക്കുന്ന (ഗർബൊ) ഞായറാണു്. (മർക്കോ 1:40 – 45) അത്ഭുതകരമായ എല്ലാ രോഗശാന്തിയിലും വ്യക്തമായികാണാവുന്ന ഒന്നു്, യേശുവിൻെറ ദൈവികതയിലുള്ള രോഗികളുടെ വിശ്വാസമാണു്. ''അങ്ങേയ്ക്കു് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും'' എന്ന് പറയുന്ന കുഷ്ഠരോഗി യേശുവിൻെറ ദൈവികതയെ ഏററുപറയുകയാണ് ചെയ്യുന്നതു്. അതുകൊണ്ട് വിശ്വാസത്തോടുകൂടി ചോദിക്കുന്ന ഏതുകാര്യവും ദൈവം സാധിച്ചുതരാതിരിക്കുകയില്ല.

നോമ്പിലെ മൂന്നാം ഞായർ തളർവാതരോഗിയെ സുഖപ്പെടുത്തിയ സംഭവത്തെ ഓർക്കുന്നു. (മ്ശറിയൊ) ഞായറാണു (മർക്കോ 2:1–12)ദൈവത്തിന മാത്രമേ പാപങ്ങൾ മോചിക്കുവാൻ സാധിക്കു എന്ന് യഹൂദർ വിശ്വസിച്ചിരുന്നു. ഈ അത്ഭുതം യേശുവിനു് പാപം മോചിക്കുവാൻ അധികാരമുണ്ടെന്ന് വ്യക്തമാക്കി.

നാലാം ഞായർ കാനാൻ കാരിയുടെ പുത്രിയെ സൗഖ്യമാക്കിയ അത്ഭുതത്തെ അനുസ്മരിപ്പിക്കുന്ന (ക്നൊയ്ത്തൊ)

malankaralibrary.com

ഞായറാണ് (മർക്കോ 7:24–30). സീറോഫിനീഷ്യൻ സ്ത്രീയുടെ വിശ്വാസത്തെ കഠിനമായി പരീക്ഷിക്കുന്ന സംഭവം. ആ പരീക്ഷണത്തിൽ അവളുടെ ഉറച്ച വിശ്വാസത്തിനു വലിയ പ്രതിഫലവും ലഭിച്ചു.

അതിനുശേഷം വരുന്ന ബുധനാഴ്ച പകുതിനോമ്പിന്റെ ദിനമാണു്. അന്നു് ഗോഗുൽത്ത സ്ഥാപിച്ചു് കുരിശു വഴി നേടിതന്ന രക്ഷയെ അനുസ്മരിക്കുന്നു.

നോമ്പിലെ 5–ാം ഞായറാഴ്ച കൂനിയെ സൗഖ്യമാക്കിയ ക്പിപ്ത്തൊ ഞായറാണ്. (ലൂക്കാ. 13: 10–13)

ആറാം ഞായർ പിറവിക്കുരുടനെ സുഖമാക്കിയ (സമീയോ) ഞായറാണ്(യോ; 9:1–1) അതിനുശേഷം വരുന്ന വെള്ളി 40–ാം വെള്ളിയാഴ്ചയാണ്. അന്ന് നോമ്പ് തുടങ്ങിയിട്ട് 40 ദിവസം പൂർത്തിയാകുന്നു. അതിനടുത്ത ദിവസം ലാസറിനെ ഉയർപ്പിച്ചതിന്റെ അനുസ്മരണാദിനമാണ്.

ഏഴാം ഞായറാഴ്ച ഓശാനയാണ്. യേശു രാജകീയമായി ജറുസലേം ദേവാലയത്തിൽ പ്രവേശിച്ച തിരുനാൾ. ഏഴാമത്തെ ആഴ്ച പരിശുദ്ധ (ഹാശാ) ആഴ്ചയായിട്ടാണ് അറിയപ്പെടുന്നത്. നമ്മുടെ കർത്താവ് പെസഹാ ആചരിച്ച വ്യാഴം, കുരിശുമരണം വരിച്ച വെള്ളി, ഉത്ഥാനത്തിന്റെ പ്രഖ്യാപനം കാത്തിരുന്ന ശനി, തുടങ്ങിയ രക്ഷാകര സംഭവങ്ങൾ അനുസ്മരിക്കുന്നത് ഈയാഴ്ചയിലാണ്.

സന്ദേശം:–

1 നമ്മുടെ കർത്താവിന്റെ നാൽപതുദിവസത്തെ ഉപവാസവും പ്രാർത്ഥനയും.

2 നമുക്ക് ദൈവിക ജീവൻ നൽകുന്ന യേശുവിന്റെ പീഡാസഹനവും മരണവും.

ഉപവാസവും പ്രാർത്ഥനയുമാണ് സാത്താനെയും അവന്റെ കുടില തന്ത്രങ്ങളെയും ജയിക്കുവാനുള്ള ശക്തമായ മാർഗ്ഗം. യേശു ഇത് പ്രസംഗിക്കുക മാത്രമല്ല സ്വജീവിതത്തിലൂടെ കാണിച്ചുതരുകയും ചെയ്തു. നാല്പതു ദിന

malankaralibrary.com

രാത്രങ്ങൾ ഉപവാസത്തിലും പ്രാർത്ഥനയിലും ചിലവഴിച്ച ശേഷമാണ് ഈശോ തന്റെ പരസ്യജീവിതം ആരംഭിച്ചത്. ഇതിനെ തുടർന്ന് യേശു പിശാചിനാൽ പരീക്ഷിക്കപ്പെട്ടു, എന്നാൽ ഉപവാസവും പ്രാർത്ഥനയും വഴി നേടിയ ശക്തിയാൽ അതിനെ ജയിച്ചു. അങ്ങനെ ഇവയിലൂടെ പിശാചിന്റെ പരീക്ഷണങ്ങളിൽ നിന്നും വിജയിക്കുവാൻ സാധിക്കുമെന്നു യേശു സ്വജീവിതത്തിലൂടെ നമുക്ക് വെളിപ്പെടുത്തിതന്നു.

പ്രായോഗികമായി ചിന്തിക്കുമ്പോൾ ആരാധനാ വത്സരത്തിലെ പ്രധാനപ്പെട്ട ഒരു കാലഘട്ടമാണിത്. ക്രിസ്തീയ വിശ്വാസികളുടെ വിശ്വാസത്തെയും ദൈവത്തോടും ദൈവരാജ്യത്തോടുമുള്ള അവരുടെ ആത്മാർത്ഥ സമർപ്പണത്തേയും അളക്കുവാനുള്ള അവസരമാണിത്. വിശ്വാസികളിൽ നവീകരണം ഉളവാക്കുന്ന ഒരു കാലഘട്ടമാണിത്. കർത്താവിന്റെ പീഡാസഹനങ്ങളിൽ പങ്കാളികളാകുന്നതോടുകൂടി വിശ്വാസികൾക്ക് ദൈവത്തിന്റെ അനന്തമായ സ്നേഹം അനുഭവിക്കുന്നതിനും സ്വയം ആത്മപരിശോധന നടത്തി ദൈവത്തോട് കൂടുതൽ ബന്ധപ്പെടുന്നതിനും സാധിക്കുന്നു.

പാപത്തെക്കുറിച്ചുള്ള പശ്ചാത്താപവും ജീവിത നവീകരണവുമാണു് ഈ കാലഘട്ടത്തിന്റെ അരൂപി യേശുക്രിസ്തുവിന്റെ അമൂല്യമായ തിരുരക്തം ചിന്തി രക്ഷിക്കപ്പെട്ടവരാണ് നമ്മൾ.

## ഉയർപ്പുകാലം (ക്യംതാകാലം)

ഘടന:— ഉയർപ്പു ഞായറാഴ്ച തുടങ്ങി പെന്തിക്കൊസ്തി തിരുനാൾ വരെയുള്ള ഘട്ടമാണ് ക്യംതാ കാലം. ഉയർപ്പു തിരുനാളിനെ തുടർന്നു വരുന്ന ദിനങ്ങളെ 'ഹെവോറാ' (വെള്ള) എന്ന് ചേർത്താണ് വിളിക്കുക. ഉയർപ്പിന്റെ ആഴ്ചയിലെ വെള്ളിയാഴ്ചയാണ് സകല മൗദ്യാനൻമാരുടെയും തിരുനാൾ ദിവസം. ഉത്ഥാനത്തിനുശേഷം വരുന്ന ഞായർ ''പുതുഞായറാഴ്ച'' എന്ന പേരിലാണ് അറിയപ്പെടുന്നത്. ഈസ്റ്റർ കഴിഞ്ഞു് 40-ാം ദിവസമാണ് കർത്താവിന്റെ സ്വർഗ്ഗാരോഹണം.

malankaralibrary.com

സന്ദേശം

1 നമ്മുടെ കർത്താവിൻെറ ഉത്ഥാനം.

2 ഉത്ഥിതനായ യേശുനാഥൻെറ പുതുജീവിതത്തിലുള്ള പങ്കാളിത്തം.

യേശു നാഥൻെറ ജീവിതം കുരിശു മരണത്തോടുകൂടി അവസാനിച്ചിരുന്നുവെങ്കിൽ ക്രിസ്തു മതസ്ഥാപകരിൽനിന്നും വ്യത്യസ്തനാകുമായിരുന്നില്ല. ഈ ലോകത്തിൽ ഒരു നല്ല ജീവിതം നയിക്കുന്നതിനുവേണ്ട വഴികളും മാർഗ്ഗങ്ങളും കാണിച്ചുതന്ന് ജീവിത ലക്ഷ്യത്തിൽ എത്തിച്ചേരാൻ ഓരോ മതസ്ഥാപകരും ശ്രമിച്ചു. അവരെല്ലാം സത്യത്തിനും അനശ്വര ജീവിതത്തിനുമുള്ള പാതയെകുറിച്ച് പഠിപ്പിച്ചു. എന്നാൽ അവരാരും തങ്ങൾ വഴിയും സത്യവും ജീവനുമാണെന്ന് അവകാശപ്പെടുകയോ, അതു തെളിയിക്കുകയോ ചെയ്തിട്ടില്ല. മരണത്തിനുശേഷം ജീവനിലേക്ക് തിരികെ വരാൻ ക്രിസ്തുവിനൊഴികെ മററാർക്കും സാധിച്ചില്ല. ക്രിസ്തു മാത്രമാണ് മരണത്തിൽനിന്നും ജീവനിലേക്ക് പ്രവേശിച്ച വ്യക്തി.

ആദിമാതാപിതാക്കളുടെ പാപം മൂലം മനുഷ്യവർഗ്ഗത്തിനു നഷ്ടപ്പെട്ട ദൈവികതയിലേക്ക് അവരെ തിരിച്ചു കൊണ്ടുവരുക എന്നതാണ് മനുഷ്യവതാര കർമ്മത്തിൻെറ ലക്ഷ്യം. ക്രിസ്തു തൻെറ ഉത്ഥാനത്തിലൂടെ ഈ ദൈവികതയെ നേടിയെടുത്തു.

ആദിമസഭയിൽ മാമ്മോദീസാ, ഈസ്ററർ ആഘോഷവുമായി ബന്ധപ്പെടുത്തി നടത്തുന്ന രീതിയാണ് നിലവിലിരുന്നത്. മാമ്മോദിസാ സ്വീകരിക്കുന്ന വ്യക്തി ഉത്ഥിതനായ ക്രിസ്തുവിൻെറ നവജീവനിൽ പങ്കാളിയാകുന്നുവെന്നതിൻെറ പ്രതീകാത്മക അവതരണമാണിത്.

മാമ്മോദീസായുടെ ശുശ്രൂഷതന്നെ ഈ പ്രതീകാത്മകതയെ സൂചിപ്പിക്കുന്നു. ഉദാഹരണമായി വെള്ളത്തിൽ മുക്കിയശേഷം പൊക്കിയെടുക്കപ്പെടുന്ന സ്നാനാർത്ഥി മാമ്മോദീസാ വെള്ളത്തിൽ മുക്കപ്പെടുന്നതിലൂടെ യേശുവിൻെറ മരണത്തിലും പൊക്കുന്നതിലൂടെ യേശുവിൻെറ ഉയർപ്പിലും പങ്കുകാരനാകുന്നു. പാപത്തിനു മരിച്ച് യേശുവിൻെറ പുതിയ ജീവനിൽ ജനിക്കുന്നു.

malankaralibrary.com

ഉത്ഥാനത്തിന്റെ നവജീവിതത്തിൽ നമ്മേയും പങ്കാ രാക്കുന്ന നമ്മുടെ ജ്യേഷ്ഠസഹോദരനായ ക്രിസ്തുവിനോടുള്ള ആനന്ദവും, സന്തോഷവും നന്ദിയും പ്രകടിപ്പിക്കുന്ന ഒരു മനോഭാവമായിരിക്കണം, നമുക്ക് ഈ അവസരത്തിൽ ഉണ്ടായിരിക്കേണ്ടത്.

## പെന്തിക്കൊസ്തിക്കാലം (ശ്ലീഹാക്കാലം)

ഘടന.

ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം പത്താം ദിവസമാണ് പെന്തിക്കൊസ്തി തിരുന്നാൾ. പെന്തിക്കൊസ്താ കഴിഞ്ഞുവരുന്ന വെള്ളിയാഴ്ച 'സ്വർണ്ണവെള്ളി' എന്നാണറിയപ്പെടുന്നത്. മുടന്തനെ സുഖപ്പെടുത്തിയ അത്ഭുതമാണ് ഈ ദിവസം നാമനുസ്മരിക്കുന്നത്. (നട 3: 1 - 10) പത്രോസ് ആ മുടന്തനോട് പറഞ്ഞു. ''വെള്ളിയോ, സ്വർണ്ണമോ എന്റെ കൈയ്യിലില്ല ........'' എന്നുള്ള വാചകമാണ്. ഈ പേരിനു കാരണം. കർത്താവിന്റെ തേജസ്കരണ കാലം വരെയാണ് പെന്തിക്കൊസ്തികാലം. ഇത് മാററം വരാത്ത തിരുനാളാണെന്ന് നാം കണ്ടുകഴിഞ്ഞു. ഈ കാലഘട്ടം ശ്ലീഹാകാലമെന്ന പേരിലും അറിയപ്പെടുന്നുണ്ട്. ശ്ലീഹന്മാരാണല്ലോ സുവിശേഷ പ്രഘോഷണത്തിനായി ലോകത്തിലേക്ക് അയയ്ക്കപ്പെട്ടത്.

സന്ദേശം

1 അപ്പസ്തോലന്മാരുടെ മേൽ പരിശുദ്ധാത്മാവിന്റെ കടന്നുവരവ്.
2 സുവിശേഷ പ്രഘോഷണം.
3 സഭാസ്ഥാപനവും അതിന്റെ ദൗത്യവും.

ഉത്ഥിതനായ യേശു തന്റെ സ്വർഗ്ഗാരോഹണത്തിനുമുമ്പ് അപ്പസ്തോലന്മാരുടെ മേൽ തന്റെ പരിശുദ്ധാത്മാവിനെ അയയ്ക്കാമെന്ന് വാഗ്ദാനം ചെയ്തു. ആ സത്യാത്മാവ് ഈശോ പഠിപ്പിച്ച കാര്യങ്ങൾ ഗ്രഹിക്കുവാൻ വേണ്ട ആന്തരിക പ്രകാശവും ധൈര്യവും നല്കി അവരെ ശക്തി

malankaralibrary.com

പ്പെടുത്തുകയും ചെയ്യും. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതുവരെ ജെറുസലെം വിട്ടുപോകരുതെന്ന് യേശു ശിഷ്യന്മാരോട് കല്പിച്ചു. ശിഷ്യന്മാർ ദൈവമാതാവിനോടൊപ്പം സെഹിയോൻ ഊട്ടുശാലയിൽ പരിശുദ്ധാത്മാവിൻെറ വരവിനായി കാത്തിരുന്നു പ്രാർത്ഥിച്ചു. പത്താം ദിവസം പരിശുദ്ധാത്മാവ് തീനാളങ്ങളുടെ രൂപത്തിൽ അവരുടെ മേൽ ഇറങ്ങിവന്നു. പരിശുദ്ധാത്മാവിനാൽ പൂരിതരായ അവർ തങ്ങളുടെ പ്രേഷിത ദൗത്യത്തെക്കുറിച്ച് ബോധവാന്മാരായി. ഈ മഹത്തായ സംഭവത്തിനുശേഷം പത്രോസ് ശ്ലീഹാ എഴുന്നേററ് അവിടെ കൂടിയിരുന്ന ഇസ്രായേൽ ജനങ്ങൾക്ക് ഉത്ഥിതനായ ക്രിസ്തുവിനെക്കുറിച്ച് ധൈര്യപൂർവ്വം സാക്ഷ്യം നല്കി (നട. 2: 24). പശ്ചാത്തപിച്ച് പാപമോചനത്തിനായി എല്ലാവരും യേശു ക്രിസ്തുവിൻെറ നാമത്തിൽ മാമോദീസാ സ്വീകരിക്കുവാൻ അവൻ അവരെഉപദേശിച്ചു. പരിശുദ്ധാത്മാവിനെ സ്വീകരിക്കാനും ആഹ്വാനം ചെയ്തു. ആ ദിവസം തന്നെ 3000 – ൽപരം ആളുകൾ അവൻെറ വാക്കുകേട്ട് മാമോദീസാ സ്വീകരിച്ചു. (നട. 2: 38 – 41)

അപ്പസ്തോലന്മാരുടെ പ്രവർത്തനരംഗം ജറുസലേം മാത്രമായിരുന്നില്ല. അവർ അയൽരാജ്യങ്ങളും ചുററിസഞ്ചരിച്ച് ക്രിസ്തുവിൻെറ സുവിശേഷം പ്രഘോഷിക്കുകയും ലോകത്ത് അന്ന് അറിയപ്പെട്ട സ്ഥലങ്ങളിലെല്ലാം സഭകൾ സ്ഥാപിക്കുകയും ചെയ്തു. വിശ്വാസികൾ തങ്ങളുടെ ജീവിതത്തിൽ ക്രിസ്തീയ മൂല്യങ്ങളെ പകർത്തിയപ്പോഴാണ് സുവിശേഷം എല്ലായിടത്തും പകരുവാൻ തുടങ്ങിയത്. (നടപടി. 2: 43 - 46) യേശുക്രിസ്തുവിൻെറ രക്ഷാകര സന്ദേശത്തെ എല്ലായിടത്തും പ്രഘോഷിക്കുന്നതിൽ അവർ വ്യാപൃതരായിരുന്നു. അങ്ങനെ പെന്തിക്കൊസ്തി ദിവസം ഉദ്ഘാടനം ചെയ്യപ്പെട്ട സഭ ഇന്നും വളർന്നു പന്തലിച്ചുകൊണ്ടിരിക്കുന്നു. ആത്മാവിൻെറ നിയന്ത്രണങ്ങളോട് തുറവിയുള്ളവരായിരിപ്പാനും മാമോദീസായിൽ ഏറെറടുത്ത കടമകളെക്കുറിച്ച് ബോദ്ധ്യം വരാനും ദൈവരാജ്യത്തിൻെറ പ്രചാരണത്തിനായി പ്രവർത്തിക്കുന്ന പ്രേഷിതനാകാനും ഈ കാലഘട്ടം നമ്മെ ആഹ്വാനം ചെയ്യുന്നു.

malankaralibrary.com

## തേജസ്ക്കരണകാലം

ഘടന. താബോർ മലയിലെ നമ്മുടെ കർത്താവിൻെറ രൂപാന്തരീകരണ തിരുന്നാളോടുകൂടിയാണ് തേജസ്കാരണക്കാലം ആരംഭിക്കുന്നത്. സെപ്തംബർ 14 – ാം തീയതിയിലെ സ്ലീബാ തിരുന്നാളോടുകൂടി അവസാനിക്കുകയും ചെയ്യുന്നു. നമ്മുടെ കർത്താവിൻെറ രൂപാന്തരീകരണ തിരുന്നാളോടുകൂടി യേശുവിൻെറ രക്ഷാകര ദൗത്യത്തിലെ വെളിപാടുകളെല്ലാം പൂർത്തിയായി. പരിശുദ്ധ ദൈവമാതാവിൻെറ സ്വർഗ്ഗാരോപണ തിരുന്നാളും ഈ ഘട്ടത്തിലാണാഘോഷിക്കുന്നത്.

സന്ദേശം.

1 യേശുവിൻെറ രൂപാന്തരീകരണവും മഹത്വീകരണവും.
2 യേശുവിൻെറ ദൈവീകതയും അഭിഷിക്തതയും വെളിപ്പെടുത്തുന്നു.
3 ക്രിസ്തുവിൽ മാനവ വംശത്തിൻെറ മഹത്വീകരണം.

രക്ഷാകര പദ്ധതിയിലെ പരമ പ്രധാനമായ ഒരു സംഭവമല്ല തേജസ്ക്കരണം. കുരിശുമരണവും ഉത്ഥാനവും പോലെയുള്ള പ്രാധാന്യം തേജസ്ക്കരണത്തിന് രക്ഷാകരപദ്ധതിയിലില്ല. പക്ഷേ, രൂപാന്തരീകരണം നടക്കുന്ന സന്ദർഭവും ആ അവസരത്തിലുള്ള സ്വർഗ്ഗീയ പിതാവിൻെറ സന്ദേശവും ഈ സംഭവത്തിന് ഒരു പ്രത്യേക അർത്ഥം കൊടുക്കുന്നു.

താബോർ മലയിൽ വച്ചുള്ള കർത്താവിൻെറ രൂപാന്തരീകരണം അവിടുത്തെ പീഡാസഹനത്തിനും, കുരിശുമരണത്തിനും തൊട്ടുമുമ്പായിരുന്നു. ഈ മഹത്വീകരണത്തിൻെറ ഉദ്ദേശ്യം യേശുവിന് തൻെറ ദൈവീകതയെക്കുറിച്ച് ആഴമായ ബോധ്യം നല്കി വരാനിരിക്കുന്ന ദൗത്യനിർവ്വഹണത്തിന് ശക്തിപകരുക എന്നതായിരുന്നു. ഈ ധന്യ മുഹൂർത്തത്തിന് സാക്ഷികളായ ശിഷ്യന്മാർക്ക് തങ്ങളുടെ ഗുരുവും നാഥനുമായ ക്രിസ്തുവിൻെറ ദൈവീകതയെപ്പററി ഉറപ്പുകിട്ടുകയും തങ്ങൾ കൈവശമാക്കാൻപോകുന്ന സ്വർഗ്ഗീയ മഹത്വം മുന്നാസ്വദിക്കാനുള്ള അവസരം കിട്ടുകയും ചെയ്തു. പത്രോസിൻെറ

malankaralibrary.com

വാക്കുകളിൽ നിന്നും ഇത് വളരെ വ്യക്തമാണ്. ''ഗുരോ നാം ഇവിടെ ആയിരിക്കുന്നത് നല്ലതാണ്, ഞങ്ങൾ മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം. ഒന്ന് നിനക്ക്, ഒന്ന് മോശയ്ക്ക് ഒന്ന് ഏലിയായയ്ക്ക്'' (മർക്കോ. 9 5) ഇത് കൂടാതെ തേജസ്കരണകാലം നമുക്കു നൽകുന്ന യാഥാർത്ഥ്യങ്ങൾ ഇവയാണ്. പഴയ ഉടമ്പടിയും, പുതിയ ഉടമ്പടിയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട് മരിച്ചവരും ജീവിക്കുന്നവരും ക്രിസ്തുവിൽ ഒന്നാണ്, കുരിശും, മഹത്വവും ഒരുപോലെ കാണേണ്ട ഒന്നാണ്, വരാനിരിക്കുന്ന യുഗം – ദൈവരാജ്യം ഇവിടെ തന്നെയുണ്ട്. മനുഷ്യകുലത്തിന്റെ ആത്യന്തിക ലക്ഷ്യം സ്വർഗ്ഗീയ പിതാവിന്റെ രക്ഷാകര മഹത്വം കുടികൊള്ളുന്ന ക്രിസ്തുവിലാണ്.

യേശുവിന്റെ തേജസ്കരണവേളയിൽ നിയമദാതാവായ മോശയും പ്രവാചകനായ ഏലിയായുമൊന്നിച്ച് സംസാരിക്കുന്നതായി കാണപ്പെട്ടു. ഇവിടെ നാം കാണുന്നത് പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധമാണ് രണ്ടാമത്തേത് ആദ്യത്തേതിനെ പൂർത്തീകരിക്കുന്നു. യേശു അനുഭവിക്കാനിരിക്കുന്ന പീഡാസഹനത്തേയും മരണത്തേയും അതുവഴി ലഭ്യമാകാൻ പോകുന്ന മഹത്വത്തേയും കുറിച്ചാണ് അവർ ചർച്ചചെയ്തത് ഒരു കാര്യം വ്യക്തമാണ്. വേർതിരിക്കുവാൻ സാധിക്കാത്ത യാഥാർത്ഥ്യമാണ് കുരിശും മഹത്വവും. ക്രിസ്ത്യാനികളുടെ ആത്യന്തിക മഹത്വം സ്വർഗ്ഗത്തിലാണ്. എന്നാൽ ക്രിസ്തുവിൽ കേന്ദ്രീകൃതമായ ജീവിതമാണ് നയിക്കുന്നതെങ്കിൽ ആ മഹത്വത്തിന്റെ ജീവിതം ഈ ലോകത്തുവച്ചുതന്നെ ആരംഭിക്കും. തേജസ്ക്കരണ വേളയിൽ ആ മഹത്വം യേശുവിന്റെ ശരീരത്തിലും വിളങ്ങിയിരുന്നു .......... ''അവന്റെ മുഖം സൂര്യനെപ്പോലെ വെട്ടിതിളങ്ങി, അവന്റെ വസ്ത്രം പ്രകാശംപോലെ ധവളമായി.'' (മത്തായി 17: 2) ഇവിടെയാണ് മനുഷ്യപുത്രന്റെ ശരീരം ദൈവീക മഹത്വത്താൽ പൂരിതമാകുന്നത്. സഹനവിധേയമായ ആ ശരീരം മഹത്വീകരിക്കപ്പെടുകയാണ്.

''ഇവൻ എന്റെ പ്രിയ പുത്രൻ ഇവന്റെ വാക്കുകൾ ശ്രവിക്കുവിൻ'' (മർക്കോ. 9: 7) എന്ന സ്വർഗ്ഗീയ പിതാ

malankaralibrary.com

വിൻെറ അരുളപ്പാടിലൂടെ യേശുവിൻെറ ദൈവീകതയും അഭിഷിക്തതയും വ്യക്തമാകുന്നു. നിയമവും പ്രവചനങ്ങളും യേശുവിൽ പൂർത്തികരിക്കപ്പെട്ടു. മനുഷ്യരക്ഷാർത്ഥം മോശയും ഏലിയായും തുടങ്ങിവച്ച ആ ദൗത്യം പൂർത്തീകരിക്കുന്നത് യേശുമിശിഹായാണ്.

ദൈവമാതാവിൻെറ സ്വർഗ്ഗാരോപണതിരുന്നാൾ തേജസ്കരണഘട്ടത്തിൽ തന്നെ ഉൾപ്പെടുത്തിയിരിക്കുന്നത് ഉചിതമത്രെ. നാമെല്ലാം ക്രിസ്തുവിൻെറ മൗതികശരീരത്തിലെ അവയവങ്ങളും ക്രിസ്തു ശിരസ്സുമാണ്. ശിരസ്സിനു ലഭിക്കുന്ന മഹത്വം അവയവങ്ങളുടെയും മഹത്വമാണ്. അമലോത്ഭവയും പാപരഹിതയുമായ മേരി, രക്ഷകൻെറ മഹത്വത്തിൽ ആദ്യത്തെ പങ്കാളിയായിത്തീർന്നത് ഏററവും അർത്ഥവത്താണ്. രക്ഷകനിലുള്ള പ്രതീക്ഷയും കർത്താവിൻെറ കാലടികളെ ആവേശപൂർവ്വം പിഞ്ചെല്ലുന്നതിനുള്ള ഉത്സാഹവും നമ്മുടെ ജീവിതാനുഭവങ്ങളിലുള്ള ദൈവ പരിപാലനയെപ്പററിയുള്ള ആഴമായ ബോദ്ധ്യവുമാണ് ഈ കാലഘട്ടത്തിൻെറ ചൈതന്യം.

## സ്ലീബാക്കാലം

ഘടന:- കുരിശിൻെറ പുകഴ്ചയുടെ തിരുന്നാൾ മുതലാണ് ഈ കാലം ആരംഭിക്കുന്നത്. സ്ലീബാപെരുന്നാൾ സെപ്ററംബർ 14 നാണ്, രക്ഷാകരരഹസ്യങ്ങളെയെല്ലാം ഒരുമിച്ചു ധ്യാനവിഷയമാക്കുന്ന കാലമാണിത്. മഹത്വത്തോട്ടു കൂടിയ രണ്ടാമത്തെ വരവും മനുഷ്യൻെറ മഹത്വീകൃതമായ അന്ത്യവും ഈ കാലത്തിലെ ധ്യാനചിന്തകളാണ്. കുരിശിൻെറ വിജയത്തോടുകൂടിയാണ് ആരാധനാവർഷം സമാപ്തമാകുന്നത്.

സന്ദേശം

1 ജയത്തിൻെറയും മഹത്വത്തിൻെറയും അടയാളമാണ് കുരിശ്.

2 ജീവൻെറ ഉടവിടമാണ് കുരിശ്

3 പുണ്യപൂർണ്ണതയുടെ അടയാളമാണ് കുരിശ്

malankaralibrary.com

മലങ്കരസഭയിൽ ഉപയോഗിക്കുന്ന കുരിശ് ഉത്ഥിതനായ ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്നു. അതുകൊണ്ടാണ് തൂങ്ങപ്പെട്ട യേശുവിന്റെ രൂപം മലങ്കരയിലെ കുരിശുകളിലില്ലാത്തത്. ഉത്ഥിതൻ മഹത്വീകൃതനാണ്. ഇതു സൂചിപ്പിക്കാനായി സ്വർണ്ണം, വെള്ളി തുടങ്ങിയ ലോഹങ്ങൾ കൊണ്ട് കുരിശുണ്ടാക്കുകയും വിലയേറിയ കല്ലുകൾകൊണ്ട് അവയെ അലങ്കരിക്കുകയുകയും ചെയ്യുന്നു.

ആദിമനുഷ്യനായ ആദത്തെ സാത്താൻ മരത്തിന്റെ ഫലം നൽകിയാണ് പരാജയപ്പെടുത്തിയത്. എന്നാൽ രണ്ടാം ആദമായ ക്രിസ്തു സാത്താനെ കീഴടക്കിയത് മരക്കുരിശിലെ മരണത്തിലൂടെയാണ്. സഹനത്തിന്റെയും അപമാനമരണത്തിന്റെയും ഉപകരണമായിരുന്നു കുരിശ്. എന്നാൽ യേശുവിന്റെ കുരിശിലെ മരണത്തോടെ അത് വിജയത്തിന്റെയും മഹത്വത്തിന്റെയും പ്രതീകമായി മാറി. വലിയ നോമ്പിന്റെ പകുതിയോടുകൂടി കുരിശ് ദേവാലയമദ്ധ്യത്തിൽ സ്ഥാപിച്ച്, വിശ്വാസികൾ ദേവാലയത്തിൽ പ്രവേശിക്കുമ്പോഴും തിരികെ പോരുമ്പോഴും രക്ഷയുടെ അടയാളമായ കുരിശിനെ ചുംബിക്കുന്നതും വണങ്ങുന്നതും കുരിശിനോടുള്ള ആദരവ് പ്രകടമാക്കുന്നതിനാണ്. ആരാധനാവേളയിൽ ഇതിനുവേണ്ടിയാണ് കുരിശിൽ ധൂപം വീശി ആരാധിക്കുന്നതും. ദുഃഖവെള്ളിയാഴ്ചയിലെയും, ഉയർപ്പുഞായറാഴ്ചയിലെയും അനുഷ്ഠാനങ്ങളിൽ കുരിശ് ക്രിസ്തുവിനെയാണ് പ്രതിനിധീകരിക്കുന്നത്. അതിനാൽ സ്ലീബായുടെ കുക്കിലിയോനിലെ കോലോയിൽ നാം പ്രാർത്ഥിക്കുന്നു.

ജീവൻ നല്കും നൽസ്ലീബായെ എല്ലായ്പ്പോഴും
നമിച്ചീടും ഞങ്ങൾ
ശരണമതായും രക്ഷയതായും നെററിയതിന്മേൽ
വരച്ചീടുന്നെന്നും
രക്ഷിച്ചീടും
രാപകൽ ഞങ്ങളെ ദുഷ്ടൻ തൻ
സൈന്യങ്ങളിൽ നിന്നും സ്ലീബാ.

malankaralibrary.com

രക്ഷാകര ചരിത്രത്തിലെ എല്ലാ രഹസ്യങ്ങളുടെയും പൂർത്തീകരണത്തിന്റെ അടയാളം കൂടിയാണ് കുരിശ്. "അപ്പോൾ ആകാശത്തിൽ മനുഷ്യപുത്രന്റെ അടയാളം പ്രത്യക്ഷപ്പെടും" ഭൂമിയിൽ സർവ്വഗോത്രങ്ങളും വിലപിക്കുകയും മനുഷ്യപുത്രൻ വാനമേഘങ്ങളിൽ ശക്തിയോടും മഹത്വത്തോടും കൂടെ വരുന്നതുകാണുകയും ചെയ്യും. വലിയ കാഹളധ്വനിയോടുകൂടെ തന്റെ ദൂതന്മാരെ അവൻ അയയ്ക്കും. അവൻ ആകാശത്തിൽ ഒരററം മുതൽ മറേറ അററം വരെ നാലുദിക്കുകളിൽ നിന്ന് അവന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ ഒരുമിച്ചുകൂട്ടും. (മത്താ; 24 – 30 – 81) സ്ലീബാകാലഘട്ടത്തെ സുവിശേഷവായനകൾ ഉപമകളും താക്കീതുകളും അടങ്ങിയവയാണ്. അതിലൂടെ സഭാ തനയരെ അവഗാഹമായി ചിന്തിക്കാൻ ജീവിത ശൈലിയിൽ മാററങ്ങൾ ഉണ്ടാക്കുവാൻ ആഹ്വാനം ചെയ്യുന്നു,

ആത്മശോധനചെയ്ത് ജീവിത നവീകരണം വരുത്തി കർത്താവിന്റെ അന്തിമവിധിക്കായി കാത്തിരിക്കാനാണ് ഈ കാലഘട്ടം നമ്മെ ഒരുക്കുന്നത്.


**ഉപസംഹാരം:–**

ദൈവം തന്റെ അനന്തജ്ഞാനത്താൽ, തന്റെ സ്നേഹവും കരുണയും നിറഞ്ഞുനിൽക്കുന്ന ഒരു ലോകത്തെ സൃഷ്ടിച്ചു തന്റെ സാദൃശ്യത്തിലും ഛായയിലും മനുഷ്യനെ സൃഷ്ടിച്ചു അവന് ബുദ്ധിശക്തിയും സ്വാതന്ത്ര്യവും നൽകി നന്മയെയും തിന്മയെയും തിരിച്ചറിയുവാനുള്ള കഴിവ്, ഇവയിൽ ഏതിനേയും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും കൊടുത്തു.

തിരഞ്ഞെടുപ്പിന്റെ ഉത്തരവാദിത്വം അവനുതന്നെയായി. നിർഭാഗ്യവശാൽ ഈ സ്വാതന്ത്ര്യം ദുർവിനയോഗം ചെയ്ത് സ്രഷ്ടാവിന്റെ ആഗ്രഹത്തിനെതിരായി മനുഷ്യൻ പ്രവർത്തിച്ചു.

malankaralibrary.com


അങ്ങനെപാപംചെയ്ത അവനു മഹത്വത്തിന്റെ ജീവിതം നഷ്ടമായി. ''എന്നാൽ പാപം വർദ്ധിച്ചിടത്ത് കൃപ അതിലേറെ വർദ്ധിച്ചു. അങ്ങനെ പാപം മരണത്തിലൂടെ ആധിപത്യം പുലർത്തിയതുപോലെ കൃപ നീതിവഴി നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ നിത്യജീവിതത്തിലേയക്ക് നയിയ്ക്കാൻ ആധിപത്യം പുലർത്തും''. (റോമ: 5.20-21) നമ്മുടെ ആദിമാതാപിതാക്കൾ പാപംചെയ്തുവെങ്കിലും, ദൈവം തന്റെ അനന്തമായ സ്നേഹത്താൽ തന്റെ പുത്രനെ ലോകത്തിലേയ്ക്ക് അയച്ചു. പിതാവിനോടുള്ള അനുസരണം വഴിയായി, കുരിശുമരണം വരെ അനുസരണമുള്ളവനായി സ്വയം താഴ്ത്തിയ അവിടുന്ന് ലോകരക്ഷസാധിച്ചു. രക്ഷകന്റെ യഥാർത്ഥ മണവാട്ടിയായ തിരുസഭ, ആരാധനാവത്സരത്തിലൂടെ രക്ഷകനായ യേശുക്രിസ്തുവിന്റെ രക്ഷാകരകർമ്മത്തിലെ ഓരോ സംഭവങ്ങളും ആനന്ദത്തോടെ ആഘോഷിക്കുന്നു.



malankaralibrary.com

MALANKARA
LIBRARY

malankaralibrary.com



# വിജയവീഥി

(രണ്ടാം വാല്യം)

**ഫാ. ജേക്കബ് O. I. C.**

പ്രസിദ്ധീകരിച്ച് രണ്ടു മാസത്തിനുള്ളിൽ ആയിരകണക്കിന് കോപ്പികൾ വിററഴിച്ചതോടെ ബെസ്ററ് സെല്ലറായി മാറിയിരിക്കുന്നു.

**★ ഒന്നാം ഭാഗം ഗ്രന്ഥശാലകൾക്കുവേണ്ടി കേരള സർക്കാർ അംഗീകരിച്ചിരിക്കുന്നു**

വിജയവീഥി രണ്ടാം വാല്യത്തെപ്പററി:

ബഹുമാനപ്പെട്ട ജേക്കബച്ചൻെറ ഗ്രന്ഥം ധാർമ്മിക മൂല്യങ്ങളിലേക്കും ഭൗതികത്വത്തിനപ്പുറത്തേക്കും നമ്മെ ക്ഷണിക്കുകയാണ്. വായനക്കാരുടെ ഹൃദയങ്ങളെ സ്പർശിക്കുന്ന രീതിയിൽ വിഷയം അവതരിപ്പിക്കാൻ അദ്ദേഹത്തിനറിയാം. നമ്മുടെ വിദ്യാലയ - കലാലയ നിലവാരങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്കും ഇതര യുവജനങ്ങൾക്കും, വൈദിക – സന്യാസിനീ സന്യാസികൾക്കും, കുടുംബജീവിതക്കാർക്കും, എന്നല്ല, വിവിധ ജാതി മതസ്ഥരായ എല്ലാവർക്കും ഒരുപോലെ പ്രയോജനകരമായ ഒരു വിശിഷ്ട ഗ്രന്ഥമാണിത്.

– ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ

മനുഷ്യ വർഗ്ഗത്തെ ഒന്നായിപ്പുണർന്ന് പക്ഷഭേദമില്ലാതെ അവർക്ക് ഹൃദയാനന്ദം പകരുന്ന സത്യവാണികളാണ് ബ. ജേക്കബച്ചൻെറ സംഭാവന. ദേശീയോദ്ഗ്രഥനത്തിനും സമുദായ മൈത്രിക്കും വേണ്ടി പാടുപെടുന്നവർ പ്രതിദിനം 'വിജയവീഥി' എഴുതിയ ഈ മനുഷ്യസ്നേഹിയുടെ അത്യാകർഷമായ ഹൃദയസൗന്ദര്യം അൽപ്പനേരത്തേക്കെങ്കിലും അനുഭവിച്ചിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു. –

– ഗുരു നിത്യ ചൈതന്യയതി

---

കോപ്പികൾക്ക്: ബഥനി ബുക്ക് സെൻറർ
തിരുവല്ല – 689101
തിരുവനന്തപുരം – 695015, സുൽത്താൻ ബത്തേരി – 673592

---

Printed & Published by Fr. Mathai Kadavil OIC
at P. S. Press, Palackalthakidy.
for Bethany Publications.

malankaralibrary.com